# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-പി 3-1015/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 06/12/2023
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡബ്ല്യു.വൈ.ഡി-പി 3-1015/2023 തീയ്യതി: 06/12/2023

## വയനാട് ജില്ലയിലെ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-10-2022 മുതൽ 31-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ച.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അഖില മോഹൻ കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 19-10-2023 | 01-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-10-2023 | 01-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ഷൈജു മാത്യു,ഓഡിറ്റ് ഓഫീസർ

ശ്രീ.ബിന്ദു കെ കെ,അസി.ഓഡിറ്റ് ഓഫീസർ,

ശ്രീ.സമീർ എം,അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി.അപർണ്ണ ശശിധരൻ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പി.കെ വിജയൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ.അബ്ദുള്ള വി എം | സെക്രട്ടറി | 01-04-2022 | 12-01-2023 |
| ശ്രീ.തദേയൂസ് ഡി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-01-2023 | 18-01-2023 |
| ശ്രീ.പ്രദീപൻ സി.പി | സെക്രട്ടറി | 19-01-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.തദേയൂസ് ഡി | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ.അജിൽ എം.എസ് | കൃഷി ഓഫീസർ | 01-04-2022 | 29-07-2022 |
| ശ്രീമതി.അനു ജോർജ്ജ് | കൃഷി ഓഫീസർ | 30-07-2022 | 05-08-2022 |
| ശ്രീമതി.സുമിന ടി.എസ് | കൃഷി ഓഫീസർ | 06-08-2022 | 31-03-2023 |
| ശ്രീ.അശോക് കുമാർ വി ജി | വി ഇ ഒ | 01-04-2022 | 29-06-2022 |
| ശ്രീ.ബിനോയ് അഗസ്റ്റിൻ | വി ഇ ഒ | 30-06-2022 | 31-03-2023 |
| ശ്രീമതി ലത ബി എ | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീ.ശ്രീജിത്ത് കുമാർ എം എസ് | അസി.എഞ്ചിനീയർ | 01-04-2022 | 23-05-2022 |
| ശ്രീമതി.ആതിര കെ നാരായണൻ | അസി.എഞ്ചിനീയർ | 24-05-2022 | 23-06-2022 |
| ശ്രീ.മഹമ്മദ് സുഹൈൽ പി | അസി.എഞ്ചിനീയർ | 24-06-2022 | 31-07-2022 |
| ശ്രീ.പ്രജിൽ പി ടി | അസി.എഞ്ചിനീയർ | 01-08-2022 | 13-09-2022 |
| ശ്രീമതി.രമ്യ അരവിന്ദ് | അസി.എഞ്ചിനീയർ | 14-09-2022 | 31-03-2023 |
| ഡോ.മിഥുൻ ബേബി | മെഡിക്കൽ ഓഫീസർ,,പി.എച്ച്.സി | 01-04-2022 | 16-01-2023 |
| ഡോ.തോമസ് മാത്യു തെക്കേടത്ത് | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 17-01-2023 | 31-03-2023 |
| ഡോ.എലിസബത്ത് സൂസൻ വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ.സൗമ്യ മാത്യു | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-04-2022 | 31-03-2023 |
| ശ്രീ.പി സുരേന്ദ്രൻ | ഹെഡ്മാസ്റ്റർ | 01-04-2022 | 30-06-2022 |
| ശ്രീ.ആഷ ടി ടി | ഹെഡ്മിസ്ട്രസ് | 01-07-2022 | 31-03-2023 |
| ശ്രീമതി.സരിത.എസ് | എ.എഫ്.ഇ.ഒ | 01-04-2022 | 08-12-2022 |
| ശ്രീ.അബ്ദുള്ള കെ പി | ഫിഷറീസ് ഓഫീസർ | 09-12-2022 | 31-03-2023 |
| ശ്രീ.സുഭാഷ് എസ് എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 24-07-2022 |
| ശ്രീ.നവീൻ രാജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 25-07-2022 | 31-03-2023 |
| ശ്രീ.ശരണ്യ എം രാജ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ ലക്ഷ്മി.എസ്.അരവിന്ദ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കേറ്റ്. | 1-1 |
| 2 | നീക്കിബാക്കിയും മുൻബാക്കിയും പൊരുത്തപ്പെടുന്നില്ല. | 1-1-1 |
| 3 | എല്ലാ അക്കൗണ്ടുകളും ആർ.പി 40(ബി) യിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-2 |
| 4 | എല്ലാ അക്കൗണ്ടുകളുടെയും റിക്കൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല. | 1-1-3 |
| 5 | കുടിശ്ശിക തുകയിൽ വ്യത്യാസം. | 1-1-4 |
| 6 | ബി 1 ഷെഡ്യൂൾ ലഭ്യമാക്കിയിട്ടില്ല. | 1-1-5 |
| 7 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | തുക ഹെഡ് മാറി വരവ് വെച്ചു. | 1-1-7 |
| 9 | ആസ്തി രജസ്റ്റർ കാലികമാക്കി സൂക്ഷിച്ചട്ടില്ല. | 1-1-8 |
| 10 | രജിസ്റ്ററിലെ വിവരങ്ങളും വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 13 | ഫണ്ട് വിനിയോഗം. | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | സാമൂഹ്യ സുരക്ഷാ പെൻഷൻ | 1-7 |
| 17 | ക്യാഷ് ബലൻസ് പരിശോധന | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം. | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ. | 1-10 |
| 20 | വിവിധ തുകകൾ ചെലവഴിക്കാതെ/ക്രമീകരിക്കാതെ അവശേഷിക്കുന്നു. | 1-11 |
| 21 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 1-12 |
| 22 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-12-1 |
| 23 | ഗ്രാമപഞ്ചായത്ത് പരിധിയൽ ലൈസൻസ് നേടി പ്രവർത്തിക്കുന്ന പ്രധാന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-12-2 |
| 24 | ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ നൽകിയതു മൂലം നികുതി നഷ്ടം | 1-13 |
| 25 | എസ്.എസ്.എ.വിഹിതം നൽകി-വിനിയോഗവിവരങ്ങൾ ലഭ്യമല്ല. | 1-14 |
| 26 | തെരുവുവിളക്കുകളുടെ മെയിന്റനൻസും വൈദ്യുതിചാർജ്ജ് അടക്കുന്നതും | 1-15 |
| 27 | തുടർ സാക്ഷരതാ തുല്യതാ വിദ്യാഭ്യാസം പ്രോജക്ട് ഫയൽ ലഭ്യമാക്കിയില്ല:129883രൂപ തടസ്സപ്പെടുത്തുന്നു. | 1-16 |
| 28 | വ്യക്തിഗത ശുചിമുറിക്ക് ധനസഹായം - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല | 1-17 |
| 29 | തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സാധനഘടകം വിതരണം നടത്തുന്ന വിതരണക്കാർക്ക് തുക നൽകുമ്പോൾ - 2% ചരക്ക് സേവന നികുതി കിഴിവ് ചെയ്യുന്നില്ല. സാധനങ്ങൾ വാങ്ങുന്നത് സെക്രട്ടറി അക്കൗണ്ട് ചെയ്യുന്നില്ല. | 1-18 |
| 30 | കോളനികളിൽ കുഴൽ കിണർ നിർമ്മാണം - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല | 1-19 |
| 31 | ഉപയോഗിക്കാത്ത രസീതുകളുടെയും ക്യാൻസൽ ചെയ്ത രസീതുകളുടെയും പകർപ്പുകൾ ഹാജരാക്കിയില്ല. | 1-20 |
| 32 | ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയിട്ടില്ല | 1-21 |
| 33 | മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല. | 1-22 |
| 34 | ടാക്സ് ഓഡിറ്റ് | 1-23 |
| 35 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം | 1-23-1 |
| 36 | വസ്തു നികുതി പിരിവ് | 1-23-2 |

| | | |
|---|---|---|
| 37 | സേവന ഉപനികുതി | 1-23-3 |
| 38 | തൊഴിൽ നികുതി | 1-23-4 |
| 39 | വിനോദ നികുതി | 1-23-5 |
| 40 | നികുതിയേതര വരവുകൾ | 1-23-6 |
| 41 | ഹോംകോയിൽ നിന്നും മുഴുവൻ മരുന്നും ലഭ്യമായില്ല. | 1-24 |
| 42 | പാലിന് സബ്സിഡി- അധിക തുക നൽകി | 1-25 |
| 43 | കൃഷി ഫാമുകളുടെ അംഗീകാര സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല:1733333 രൂപ തടസ്സത്തിൽ വെക്കുന്നു. | 1-26 |
| 44 | മാലിന്യശേഖരണവും നിർമ്മാർജ്ജനവും- ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ | 1-27 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷീക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരങ്ങൾ. | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്. | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുന്നതിന് അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Abstract Of Annual Financial Statements | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കേറ്റ്.

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27.06.2023 ലെ 1/23 -ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 27.6.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടിംഗ് മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മുള്ളൻകൊല്ലി ഗ്രാമ പഞ്ചായത്തിന്റെ 2022 – 23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കൽപ്പറ്റ

തീയതി: 06.12.2023 സാക്ഷ്യപ്പെടുത്തുന്ന അധികാരിയുടെ ഒപ്പ്

## 1-1-1 നീക്കിബാക്കിയും മുൻബാക്കിയും പൊരുത്തപെടുന്നില്ല.

1)2021-22 വർഷത്തെ ബി.17 പത്രിക പ്രകാരം ക്യാഷ് നീക്കിബാക്കി 89246 രൂപയാണ്.എന്നാൽ 2022-23 വർഷത്തെ ആർ.പി 40 എ പ്രകാരമുള്ള ക്യാഷ് മുൻബാക്കി 88633 രൂപയാണ്.വ്യത്യാസമായി കാണുന്ന 613രൂപ വാർഷീക കണക്കിൽ ആവർത്തിച്ച് വന്നതാണെന്നും ഇത് ഐ.എൽ.ജി.എം.എസിൽ തിരുത്തിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി.

## 1-1-2 എല്ലാ അക്കൗണ്ടുകളും ആർ.പി 40(ബി) യിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം | അക്കൗണ്ട് നം | അക്കൗണ്ടിന്റെ വിവരണം | നീക്കിബാക്കി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 4011610104436 (കേരളാ ഗ്രാമീൺ ബാങ്ക്) | കേരള ബയോ ഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മറ്റി | 0 |
| 2 | 110056725006 | ഹെൽത്ത് ഗ്രാന്റ് | 0 |

പ്രസ്തുത അക്കൗണ്ടുകളിൽ തുകകളൊന്നും വരാതിരുന്നതിനാലാണ് ഇവ RP40(b)യിൽ ഉൾപ്പെടാതിരുന്നതെന്ന് മറുപടി ലഭ്യമാക്കി. എല്ലാ അക്കൗണ്ടുകളും RP40(b)യിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-1-3 എല്ലാ അക്കൗണ്ടുകളുടെയും റിക്കൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.

താഴെ പറയുന്ന അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ പത്രികകൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | അക്കൗണ്ട് നം | നീക്കി ബാക്കി |
|---|---|---|
| 1 | 799010501494353 സബ് ട്രഷറി പുൽപ്പള്ളി | 0 |
| 2 | 799012900001105സബ് ട്രഷറി പുൽപ്പള്ളി | 0 |

ഇവയുടെ നീക്കിബാക്കിയില്ലാത്തതിനാലാണ് റിക്കൺസിലിയേഷൻ പത്രിക തയ്യാറാക്കാതിരുന്നത് എന്നാണ് മറുപടി ലഭ്യമാക്കിയത്. ഇത്തരത്തിലുള്ള അക്കൗണ്ടുകളും നീക്കിബാക്കിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-1-4 കുടിശ്ശിക തുകയിൽ വ്യത്യാസം.

4)താഴെ പറയുന്ന നികുതിയിനങ്ങളുടെ പിരിച്ചെടുക്കുന്നതിന് അവശേഷിക്കുന്ന തുകയിൽ(ബി 15)താഴെ പറയുന്ന പൊരുത്തക്കേട് കാണുന്നു.

| നികുതിയിനം | I-1 | RP 45 | വ്യത്യാസം | B 9(2021-22) | പിരിച്ചെടുക്കുന്നതിന് അവശേഷിക്കുന്നത് | ബി 15 പ്രകാരം |
|---|---|---|---|---|---|---|
| വസ്തുനികുതി റസിഡൻഷ്യൽ | 1731587 | 1726180 | 5407 | 6886 | 0 | 100 |
| വസ്തുനികുതി നോൺ റസിൻഷ്യൽ | 1307348 | 1284134 | 23214 | 696 | 22518 | 22500 |
| തൊഴിൽനികുതി -ട്രേഡ്സ് | 354400 | 351300 | 3100 | 1850 | 1250 | 0 |

## 1-1-5 ബി 1 ഷെഡ്യൂൾ ലഭ്യമാക്കിയിട്ടില്ല.

തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ ബി 1 ഷെഡ്യൂൾ ലഭ്യമാക്കിയിട്ടില്ല.

## 1-1-6 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ Net Increase In Cash And Cash Equalents 9842940 ആയിരിക്കെ Operating ,Investing And Financing Activities ലൂടെ ലഭിച്ച തുക 14760256 എന്ന് കാണുന്നു.

## 1-1-7 തുക ഹെഡ് മാറി വരവ് വെച്ചു.

മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിക്കായി ലഭിച്ച 498811രൂപ Poverty Alleviation Units Of District Panchayats(160100602)(I6) എന്ന ഹെഡിൽ തെറ്റായി വരവ് കാണിച്ചിരിക്കുന്നു.

## 1-1-8 ആസ്തി രജസ്റ്റർ കാലികമാക്കി സൂക്ഷിച്ചട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.ആയിതിനാൽ തന്നെ ബാല്ൻസ് ഷീറ്റിൽ കാണിച്ചിരിക്കുന്ന ആസ്തികളുടെ മൂല്യം ഡിപ്രീസിയേഷന്റെ മൂല്യം എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

## 1-1-9 രജിസ്റ്ററിലെ വിവരങ്ങളും വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

എ)തൊഴിൽ നികുതി രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയും തമ്മിലുള്ള അന്തരം ചുവടെ ചേർക്കുന്നു.

| ഇനം | വാർഷിക ധനകാര്യപത്രിക പ്രകാരം(₹) | രജിസ്റ്റർ പ്രകാരം(₹) | വ്യത്യാസം (₹) |
|---|---|---|---|
| ജീവനക്കാരുടെ തൊഴിൽനികുതി വരവ് | 937238/- | 975510/- | 38272/- |
| ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് | 978010/- | 975510/- | -2500/- |
| വാണിജ്യങ്ങളുടെയും സ്ഥാപനങ്ങളുടെയും തൊഴിൽനികുതി വരവ് | 442935/- | 436900/- | -6035/- |

ബി)ലൈസൻസ് രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയും തമ്മിലുള്ള അന്തരം ചുവടെ ചേർക്കുന്നു.

| ഇനം | വാർഷിക ധനകാര്യപത്രിക പ്രകാരം(₹) | രജിസ്റ്റർ പ്രകാരം (₹) | വ്യത്യാസം (₹) |
|---|---|---|---|
| വ്യവസായ വാണിജ്യ സംരഭകത്വ സേവനങ്ങളുടെ *ലൈസൻസ്* ഡിമാന്റ് | 259700/- | 266650/- | 6950/- |
| വ്യവസായ വാണിജ്യ സംരഭകത്വ സേവനങ്ങളുടെ *ലൈസൻസ്* കളക്ഷൻ | 259700/- | 266650/- | 6950/- |

## 1-2 ബജറ്റ്

25.03.2022 തീയതിയിലെ 6/1 നമ്പർ തീരുമാന പ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 02.03.2023 തീയതിയിലെ 1/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| ബജറ്റ് | | പുതുക്കിയ ബജറ്റ് | |
|---|---|---|---|
| മുൻബാക്കി | 27,67,797 | മുൻബാക്കി | 55,00,448 |
| വരവ് | 26,79,83,487 | വരവ് | 26,86,41,720 |
| ആകെ | 27,07,51,284 | ആകെ | 27,41,42,168 |
| ചെലവ് | 26,92,71,000 | ചെലവ് | 27,07,89,118 |
| നീക്കിബാക്കി | 14,80,284 | നീക്കിബാക്കി | 33,53,050 |

ബജറ്റിൽ പ്രതീക്ഷിച്ച നികുതിയിനത്തിലെ വരവ് തുകകളും യഥാർത്ഥത്തിൽ ഈ ഇനത്തിൽ ലഭിച്ച വരവ് തുകകളും തമ്മിൽ വലിയ അന്തരം കാണുന്നു.വിശദാംശങ്ങൾ ചുവടെ.

| വരവിനം | ബജറ്റ് പ്രകാരം | യഥാർത്ഥ വരവ് | വ്യത്യാസം |
|---|---|---|---|
| നികുതികൾ | 57,00,000 | 34,58,990 | |

വിവിധ ഇനങ്ങളിലുള്ള ആകെ വരവ്(നികുതി,നികുതിയേതര,തനത് ഫണ്ട് ഇനങ്ങളിൽ) വിഭാവനം ചെയ്തിരുന്നത് 74,48,000രൂപ ആയിരിക്കെ 1,38,16,050 വരവുണ്ട്.

കേരള പഞ്ചായത്തീരാജ് ആക്ട് സെക്ഷൻ 214(3) പ്രകാരം മുൻവർഷത്തെ യഥാർത്ഥ വരവിൽനിന്നും കാര്യമായ വ്യത്യാസം തൻവർഷത്തെ ബജറ്റിൽ പ്രതീക്ഷിക്കുന്ന വരവ് തുകയിലുണ്ടെങ്കിൽ ആയതിന് അടിസ്ഥാനമായ ഒരു നോട്ട് തയ്യാറാക്കപ്പെടേണ്ടതുണ്ട്.മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ 2021-22 വർഷത്തെ ആകെ യഥാർത്ഥ വരവ് 14,24,74,751 രൂപയായിരിക്കെ തൻവർഷ ബജറ്റിൽ പ്രതീക്ഷിക്കുന്ന ആകെ വരവ് 26,79,83,487 രൂപയാണ്.എന്നാൽ ഇതിന്റെ കാരണം വ്യക്തമാക്കുന്ന നോട്ട് ബജറ്റിനോടൊപ്പം തയ്യാറാക്കിയിട്ടില്ല.

സെക്ഷൻ 214(5) പ്രകാരം ബജറ്റിൽ ഉൾപ്പെടുത്താതെ ചെലവുകൾ ചെയ്യേണ്ടിവരുന്ന സാഹചര്യങ്ങളിൽ അനുപൂരക ബജറ്റോ,പുതുക്കിയ ബജറ്റോ തയ്യാറാക്കേണ്ടതാണ്.എന്നാൽ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. അടുത്ത സാമ്പത്തീക വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി തയ്യാറാക്കുന്ന പുതുക്കിയ ബജറ്റ് ഇതിന് പകരമായി കണക്കാക്കപ്പെടുകയാണ് ചെയ്യുന്നത്.മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിലും ഈ നടപടി അനുവർത്തിക്കപ്പെടുകയാണ് ചെയ്തിരിക്കുന്നത്.എന്നാൽ ഇങ്ങനെ തയ്യാറാക്കപ്പെടുന്ന പുതുക്കിയ ബജറ്റിന് നൽകുന്ന അംഗീകാരം ബജറ്റിൽ വകയിരുത്താത്ത ചെലവുകൾ ചെയ്യതിന്റെ അനുമതിയായി കണക്കാക്കുവാൻ പാടില്ലായെന്നും ഈ സെക്ഷനിൽ പറയുന്നു.

മുകളിൽ പറഞ്ഞിരിക്കുന്ന അപാകങ്ങൾ പരിഹരിച്ച് ഭാവിൽ ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | **2,08,12,756/-** |
| വരവ് | **5,07,20,896/-** |
| ആകെ | **7,15,33,652/-** |
| ചെലവ് | **4,08,77,956/-** |
| നീക്കിയിരിപ്പ് | **3,06,55,696/-** |

## 1-4 ഫണ്ട് വിനിയോഗം.

**ഫണ്ട് വിനിയോഗം ( ACR പ്രകാരം)**

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ലാപ്സ് |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | 0 | 2,89,46,341/- | 2,89,46,341/- | 2,37,61,838/- | 51,84,503/- |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 40,23,304/- | 40,23,304/- | 35,81,126/- | 4,42,178/- |
| വികസന ഫണ്ട്- ടി.എസ്.പി | 0 | 84,52,206/- | 84,52,206/- | 75,48,839/- | 9,03,367/- |

| | | | | | |
|---|---|---|---|---|---|
| (ACR പ്രകാരം) | | | | | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 3,02,18,000/- | 3,02,18,000/- | 2,67,81,470/- | 34,36,530/- |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 86,84,000/- | 86,84,000/- | 85,95,145/- | 88,855/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied (ACR പ്രകാരം) | 0 | 85,05,242/- | 85,05,242/- | 20,73,834/- | 64,31,408/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Basic (ACR പ്രകാരം) | 0 | 52,85,632/- | 52,85,632/- | 49,32,906/- | 3,52,726/- |
| ജനറൽ പർപ്പസ് ഗ്രാന്റ് | 18,77,100/- | 1,42,16,000/- | 1,60,93,100/- | 1,47,00,083/- | 13,93,017/- |

എ.സി.ആറിലെ ചെലവ്തുകയും സുലേഖയിലെ ചെലവ് തുകയും തമ്മിലുള്ള വ്യത്യാസം താഴെ പറയുന്ന കാരണങ്ങളാലാണ്.

| ഫണ്ട് ഇനം | പ്രൊജക്ട് നം/പേര് (ജി ഒ പ്രൊജക്ട്) | തുക | സുലേഖ പ്രകാരം ചെലവ് |
|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | അംഗൻവാടി ഹോണറേറിയം | 1314000 | 2,72,56,833 |
| വികസന ഫണ്ട്(ജനറൽ) | ലോൺ തിരിച്ചടവ്(ലൈഫ്) | 2214995 | |
| വികസന ഫണ്ട്(ജനറൽ) | വ്യക്തിഗത ശുചിമുറി(119/23) ( തുക പിൻവലിക്കാതെ റക്വിസിഷൻ റദ്ദാക്കി ) | 34000 | |
| വികസന ഫണ്ട്(എസ്.സി.പി) | ലൈഫ് ലോൺ തിരിച്ചടവ് | 465360 | ജി.ഒ പ്രൊജക്ട് |
| വികസന ഫണ്ട്(എസ്.സി.പി) | പി.എം.എ.വൈ വിഹിതം | 135000 | ക്യൂ.ബിൽ |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 189 | 183564086 | 66 | 91087861 | 90 | 33 | 34.9 |

| | നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | അസി. എഞ്ചിനീയർ LID & EW | 68 | 51 | 49136071 | 34071466 | 69.34 |
| 2 | സെക്രട്ടറി | 39 | 29 | 23356538 | 13427849 | 57.49 |
| 3 | മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1 | 300000 | 300000 | 100 |
| 4 | മെഡിക്കൽ ഓഫീസർ പി എച്ച് സി | 10 | 10 | 2500296 | 2277298 | 91.08 |
| 5 | മെഡിക്കൽ ഓഫീസർ ആയുർവേദം | 3 | 3 | 1800000 | 1800000 | 100 |
| 6 | വെറ്ററിനറി സർജൻ | 11 | 11 | 8201000 | 6952490 | 84.78 |
| 7 | വി ഇ ഒ | 16 | 15 | 72707362 | 12431052 | 17.1 |
| 8 | അസി. സെക്രട്ടറി | 7 | 7 | 2066604 | 2062402 | 99.8 |
| 9 | ഐസിഡിഎസ് സൂപ്പർവൈസർ | 18 | 15 | 7252870 | 6409548 | 88.37 |
| 10 | എച്ച് എം ജി എൽ പി എസ് | 7 | 6 | 5053246 | 3790933 | 75.02 |
| 11 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 1 | 3313535 | 136000 | 4.1 |
| 12 | കൃഷി ഓഫീസർ | 6 | 6 | 3726964 | 3279223 | 87.99 |
| 13 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 4149600 | 4149600 | 100 |
| | | 189 | 156 | 183564086 | 91087861 | 49.61 |

പദ്ധതി ആസൂത്രണത്തിന്റെ ഭാഗമായി എല്ലാ വാർഡുകളിലും ഗ്രാമസഭകൾ കൂടുകയും പദ്ധതി പ്രവർത്തനങ്ങൾ നിർദ്ദേശിക്കുകയും അവ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.വിവിധ ഓഡിറ്റ് റിപ്പോർട്ടുകൾ ചർച്ച ചെയ്യുകയും മിനട്സുകൾ കൃത്യമായി സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്.വിവിധ വർക്കിംഗ് ഗ്രൂപ്പുകളും യോഗം ചേരുകയും പദ്ധതികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇവ മോണിറ്ററിംഗ് കമ്മറ്റികളായി പ്രവർത്തിച്ചിട്ടില്ല.15 അംഗങ്ങൾ വരെയുള്ള വർക്കിംഗ്

ഗ്രൂപ്പുകളിൽ 6മുതൽ 9 പേർ വരെ മാത്രമാണ് പങ്കെടുത്തതായി കാണുന്നത്.വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളും യഥാവിധി യോഗം ചേരുകയും മിനുട്സുകൾ കൃത്യമായി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.എന്നാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ നിലവിലെ വികസനാവസ്ഥ വ്യക്തമാക്കി സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലുള്ള പ്രൊജക്ടുകളാണ് നടപ്പിലാക്കിയതായി കാണുന്നത്.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | ഇല്ല | 1580233 | 1580233 | 1580233 | ഇല്ല |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | ഇല്ല | 40303857 | 40303857 | 40303857 | ഇല്ല |
| സാധന ഘടകം | ഇല്ല | 10743119.89 | 10743119.89 | 10743119.89 | ഇല്ല |

## 1-7 സാമൂഹ്യ സുരക്ഷാ പെൻഷൻ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | ഇല്ല | ഇല്ല |
| കർഷകതൊഴിലാളി പെൻഷൻ | 3859400 | 2721 |
| വിധവാപെൻഷൻ | 11367000 | 7251 |
| വാർദ്ധക്യകാലപെൻഷൻ | 25581600 | 17775 |
| ഭിന്നശേഷി വിഭാഗം പെൻഷൻ | 3354800 | 2156 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 150000 | 5 |

| | | |
|---|---|---|
| അവിവാഹിതരായ 50 വയസ്സ് കഴിഞ്ഞ സ്ത്രീകൾക്കുള്ള പെൻഷൻ. | 142400 | 89 |

## 1-8 ക്യാഷ് ബലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27/10 /2023 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.1465/- രൂപ (ആയിരത്തി നാനൂറ്റി അറുപത്തിയഞ്ച് രൂപ ) ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം.

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തിരനിയന്ത്രണം പൊതുവെ തൃപ്തികരമാണ്.ഓഫീസിലെ ജോലി വിഭജനം കൃത്യമായ വിധത്തിൽ നടപ്പാക്കിയിട്ടുണ്ട്.ദൈനംദിന ചുമതലകൾ സംബന്ധിച്ച ഓഫീസ് ഉത്തരവുകൾ കൂടാതെ ഫയൽ അദാലത്ത്, ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കൽ,അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തൽ,പൊതു സ്ഥലങ്ങളുടെ കയ്യേറ്റം കണ്ടെത്തൽ,തൊഴിലുറപ്പ് പദ്ധതി,നിയമ സഭാ ചോദ്യോത്തരം,കാലവർഷക്കെടുതികൾ നേരിടൽ മുതലായ പ്രത്യേക അവസരങ്ങളിലെ ഉത്തരവാദിത്ത വിഭജനവും രേഖപ്പെടുത്തിയിട്ടുണ്ട്.
സ്റ്റാഫ് മീറ്റിംഗുകൾ ചേർന്നതിന്റെ മിനുട്സ് യഥാവിധി സൂക്ഷിച്ചിട്ടില്ല.23.5.2022ന് ശേഷം സ്റ്റാഫ് മീറ്റിംഗ് ചേർന്നിരിക്കുന്നതായി മിനുട്സിൽ രേഖപ്പെടുത്തിയിരിക്കുന്നത് 19.11.2022ന് മാത്രമാണ്.ഇതിന് ശേഷം ചേർന്നിരിക്കുന്നത് 15.2.2023 ന് മാത്രമാണ്.ചേർന്നിരിക്കുന്ന സ്റ്റാഫ് മീറ്റിംഗുകളിൽ ഫ്രണ്ട് ഓഫീസ് പ്രവർത്തനം ,ഐ.എസ്.ഒ സർട്ടിഫിക്കേഷൻ,വാതിൽപടി സേവനം,നികുതി പിരിവ് എന്നിവ വിലയിരുത്തിയതായി കാണുന്നുണ്ട്.എന്നിരുന്നാലും പ്രതിമാസം സ്റ്റാഫ് മീറ്റിംഗ് ചേരാത്തത് പോരായ്മയാണണ്.പ്രതിമാസം സ്റ്റാഫ് മീറ്റിംഗ് ചേരുകയും ഓഫീസ് പ്രവർത്തനങ്ങൾ വിലയിരുത്തി മിനുട്സ് ചെയ്യുകയും ചെയ്യേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23/11/2022-25 /11/2022 | 01/04/2022-30 /09/2022 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16/8/2010-2 /9/2010 | 2005-2006 To 2009-2010 | 7/10/2010 |

## 1-11 വിവിധ തുകകൾ ചെലവഴിക്കാതെ/ക്രമീകരിക്കാതെ അവശേഷിക്കുന്നു.

2022-23വർഷത്തെ വാർഷീക ധനകാര്യ പത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന തുകകൾ വിവിധ ഷെഡ്യൂളുകളിൽ നീക്കിബാക്കിയായി അവശേഷിക്കുന്നതായി ശ്രദ്ധയിൽ പെട്ടു.ഇവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/27.10.2022)നൽകിയ മറുപടി പ്രകാരം താഴെ പറയുന്ന ഇനങ്ങളിലാണ് തുകകൾ അവശേഷിക്കുന്നത്.

| ഷെഡ്യൂൾ | തുക | ലഭ്യമാക്കേണ്ട വിവരങ്ങൾ |
|---|---|---|

| | | |
|---|---|---|
| നം | | |
| RP 40(b) | 909376 | തുക ഏതിനത്തിൽ ലഭ്യമായതാണെന്നുള്ള വിവരം ലഭ്യമല്ല.(ഇത് സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ച് ലഭ്യമാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി) |
| B 7 | 60000 | ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിലുള്ളതാണ് ഈ തുക.(ഈ തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതാണെന്ന് മറുപടി ലഭ്യമാക്കി) |
| B 18 | 29000 | ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയത് തിരികെ ഈടാക്കാതെ അവശേഷിക്കുന്ന തുകയാണിത്.(ഇവയിൽ 20000രൂപ ഇതിനകം തിരികെ ഈടാക്കിയിട്ടുണ്ടെന്നും അവശേഷിക്കുന്ന തുക തിരികെ ഈടാക്കി അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി) |
| B 18 | 2473020 | കെ.എസ്.ഇ.ബിക്ക് വിവിധ ഇലക്ട്രിഫിക്കേഷൻ പ്രവർത്തികൾക്ക് ഡെപ്പോസിറ്റ് ഇനത്തിൽ 2020-21,2021-22 വർഷങ്ങളിൽ നൽകിയ തുകയാണിത്.(പൂർത്തീകരിച്ച ഈ പ്രവർത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തുക ക്രമീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.) |
| | 130000 | തറപ്പത്ത് കവല എസ്.സി. കോളനി കുടിവെള്ള പദ്ധതിക്ക് മോട്ടോർ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്(ഇലക്ട്രിക്കൽ) നൽകിയ തുകയാണിത്. (പൂർത്തീകരിച്ചിരിക്കുന്ന ഈ പ്രവർത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തുക ക്രമീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.) |
| | 807610 | 2018-19മുതൽ 2020-21 വർഷം വരെയുള്ള കാലയളവിൽ 25 നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വിവിധ ഇനങ്ങളിൽ നൽകിയ മുൻകൂർ തുകകളാണ്.(ഇവ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി) |
| | 4787029 | കേരള വാട്ടർ അതോരിറ്റിക്ക്2018-19വർഷം മുതൽ 35പ്രവർത്തികൾക്കായി മുൻകൂർ നൽകിയ തുകയാണിത്.(വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഇത് ക്രമീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.) |
| B 4 | 4913427 | ടോട്ടൽ സാനിറ്റേഷൻ ഇനത്തിൽ ഒ.ഡി.എഫ്.പെർഫോമന്സ് ബേസ്ഡ് ഇൻസെന്റീവ് എന്നീ ഇനങ്ങളിലുള്ള ഗ്രാന്റ് ആണിത്. |
| B4 | 4186945 | ഐ.സി.ഡി.എസ് പദ്ധതിയിൽ ലഭിച്ച തുകയാണിത്. (ഈ തുക വിനിയോഗിച്ച് 2023-24 വർഷത്തിൽ പ്രോജക്ട് വിഭാവനം ചെയ്തിട്ടുണ്ടെന്ന് അറിയിക്കുകയുണ്ടായി.) |

മുകളിൽ സൂചിപ്പിച്ച തുകകളുടെ കാര്യത്തിൽ മറുപടിയിൽ സൂചിപ്പിച്ചിരിക്കുന്ന വിധമുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 204 ാം വകുപ്പ് പ്രകാരം ഓരോ ഗ്രാമപഞ്ചായത്തു പ്രദേശത്തും ഓരോ അർദ്ധവർഷവും, ആ പഞ്ചായത്ത് പ്രദേശത്ത് ആ അർദ്ധവർഷത്തിൽ മൊത്തം അറുപതു ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും, ആ അർദ്ധവർഷത്തിൽ ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്തിനുള്ളിലോ, ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസുനടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ, ആകെക്കൂടി അറുപതുദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽനിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരോ ആയ ഏതൊരാളുടെയും, മേൽ തൊഴിൽനികുതി ചുമത്തേണ്ടതാണ്.

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

### 1-12-1 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ കരാറിലേർപ്പെട്ട ചുവടെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | കരാറുകാരുടെ പേര് |
|---|---|
| 1 | ശ്രീ ബേസിൽ പോൾ |
| 2 | ശ്രീ ജയകുമാർ പി.ടി |
| 3 | ശ്രീ സിംസൺ സി.വി |
| 4 | ശ്രീ കെ.കെ സോമൻ |
| 5 | ശ്രീ ഇടമല ലേബർ കോൺട്രാക്റ്റ് സൊസൈറ്റി |
| 6 | ശ്രീ ബിനോയ് പി.എസ് |
| 7 | ശ്രീ സെബാസ്റ്റ്യൻ |
| 8 | ശ്രീ സാബി തങ്കച്ചൻ |
| 9 | ശ്രീ സാബു പി.എം |
| 10 | ശ്രീ സോബിൻ എൻ.വൈ |
| 11 | ശ്രീ പുൽപ്പള്ളി ലേബർ കോൺട്രാക്റ്റ് സൊസൈറ്റി |
| 12 | ശ്രീ ആന്റണി ടി.ജെ |

പ്രസ്തുത കരാറുകാർ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(ഓഡിറ്റ് എൻക്വയറി നം. 18/2022-23 തീയതി 30/10/2023)** നൽകിയ മറുപടിയിൽ 28/12/2021

ലെ 15/1 നമ്പർ തീരുമാനപ്രകാരം കോൺട്രാക്ടർമാരിൽ നിന്നും ഓരോ വർഷത്തെയും തൊഴിൽ നികുതി ഈടാക്കിയ രസീത് ലഭ്യമാക്കിയ ശേഷം മാത്രമേ പദ്ധതികൾ സംബന്ധിച്ച ബില്ലുകൾ അനുവദിക്കേണ്ടതുള്ളൂ എന്ന് ഭരണസമിതി തീരുമാനിച്ചിരുന്നു എങ്കിലും കരാറുകാർ തൊഴിൽ നികുതി ഈടാക്കുന്നതിൽ വിമുഖത കാണിക്കുന്നുണ്ടെന്നും ആയത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12-2 ഗ്രാമപഞ്ചായത്ത് പരിധിയൽ ലൈസൻസ് നേടി പ്രവർത്തിക്കുന്ന പ്രധാന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ് ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിൽ നിന്ന് ലൈസൻസ് നേടി പ്രവർത്തിക്കുന്ന ജീവനക്കാർ ജോലി ചെയ്തുവരുന്നെന്ന് ലൈസൻസ് അപേക്ഷകളിൽ രേഖപ്പെടുത്തിയ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദവിവരം താഴെ നൽകുന്നു.

| ക്രമ നമ്പർ | ലൈസൻസ് നമ്പർ, തീയതി | വാർഡ് നമ്പർ/കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം(ലൈസൻസ് അപേക്ഷ പ്രകാരം) |
|---|---|---|---|---|
| 1 | 14/2022-23 /C-4/907/22, 22/04/2022 | XVI/1,2,3 | പുൽപ്പള്ളി ടിംബർ ട്രേഡിംഗ് കമ്പനി & മരിയ ഇൻഡസ്ട്രീസ് | 9 |
| 2 | 16/2022-23 /C-4/1395/22, 22/04/2022 | XV/466 B | ജെ.എം.ജെ കാറ്ററിംഗ് സർവ്വീസ്, സുരഭിക്കവല | 2 |
| 3 | 36/2022-23 /C-4/2194/22, 16/05/2022 | XV/274A, 274 B, 274 C, 274 D | ഗ്രാമീൺ സൂപ്പർ മാർക്കറ്റ്, മുള്ളൻകൊല്ലി | 2 |
| 4 | 41/2022-23 /C-4/1672/22, 17/05/2022 | XVI/175A6 | ഉറുമ്പിൽ ബേക്കറി & കൂൾബാർ | 2 |
| 5 | 48/2022-23 /C-4/1605/22, 18/05/2022 | X/344 A | മൈത്രി ഫുഡ് പ്രോഡക്റ്റ്സ് | 4 |
| 6 | 51/2022-23 /C-4/2558/22, 18/05/2022 | XIV/398 C | സ്നേഹ ടെയ്‌ലറിംഗ് & ഗാർമെന്റ്സ് | 3 |
| 7 | 68/2022-23 /C-4/1671/22, 19/05/2022 | III/518. 519 | എ വൺ ഫ്ലോർ മിൽ, പാടിച്ചിറ | 2 |

അപാകത സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(ഓഡിറ്റ് എൻക്വയറി നം. 18/2022-23 തീയതി 30/10/2023)** നൽകിയ മറുപടിയിൽ പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ നൽകിയതു മൂലം നികുതി നഷ്ടം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ് എന്നാണ് നിഷ്കർഷിക്കുന്നത്. മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വസ്തു നികുതി നിർണ്ണയം പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര

മീറ്ററിന് 30 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപ നിരക്കിലുമാണ് ഗ്രാമപഞ്ചായത്ത് നികുതി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ പൂർണ്ണമായും വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന ഒരേ ഉടമയുടെ പേരിലുള്ള കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണ്ണയിച്ചിരിക്കുന്നത് മൂലം വസ്തു നികുതിയിനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

1) File No – A3-1666/17

ഉടമയുടെ പേര് - ശ്രീ ഷിബു സെബാസ്റ്റ്യൻ

| **വാർഡ്/കെട്ടിട നമ്പർ** | **തറവിസ്തീർണ്ണം(ച.മീ)** | **2022-23 സാമ്പത്തിക വർഷം ₹30/- നിരക്കിൽ ഈടാക്കിയ നികുതി (ഇളവ്/വർദ്ധനവ് =0)** | **₹50/- നിരക്കിൽ നിശ്ചയിച്ചാലുള്ള നികുതി(₹)** | **നികുതിയിലെ നഷ്ടം(₹)** |
|---|---|---|---|---|
| 4/525/A | സെല്ലാർ- 57.1 ച.മീ | 1713/- (57.1*30) | തറവിസ്തീർണ്ണം =189.6 ച.മീ<br>അടിസ്ഥാന വസ്തുനികുതി = 189.6*50 = 9480/-<br>**വസ്തുനികുതി = 9480/-** | **3790/-** |
| 4/525/B | GF – 19.25 ച.മീ | 578/-(19.25*30) | | |
| 4/525/C | GF – 19.25 ച.മീ | 578/-(19.25*30) | | |
| 4/525/D | GF – 19.25 ച.മീ | 578/-(19.25*30) | | |
| 4/525/E | GF – 19.25 ച.മീ | 578/-(19.25*30) | | |
| 4/525/F | GF – 55.5 ച.മീ | 1665/-(55.5*30) | | |
| **ആകെ** | **189.6 ച.മീ** | **5690/-** | | |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(ഓഡിറ്റ് എൻക്വയറി നം- 22/22-23 തീയതി 31/10/2023)** മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും കെട്ടിടങ്ങൾക്ക് വിഭജിച്ച് നമ്പർ നൽകിയത് സംബന്ധിച്ച കാരണങ്ങൾ പരിശോധിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-14 എസ്.എസ്.എ.വിഹിതം നൽകി-വിനിയോഗവിവരങ്ങൾ ലഭ്യമല്ല.

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് 2022-23 വർഷം എസ്.എസ്.എ വിഹിതം നൽകുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്.

പ്രോജക്ട് നമ്പർ-111/23

പ്രോജക്ട്-എസ്.എസ്.എ.വിഹിതം നൽകൽ(ജനറൽ)

ഫണ്ട്-വികസനഫണ്ട് -ജനറൽ

നിർവഹണോദ്യോഗസ്ഥൻ-സെക്രട്ടറി

അടങ്കൽ-2,30,000

ചെലവ്-2,30,000

ബിൽ റഫറൻസ് നമ്പർ-2218055201400059544 5/29.09.22

എസ്.എസ്.കെ വയനാട് ജില്ലാ പ്രോജക്ട് കോർഡിനേറ്ററുടെ 24.08.22 ലെ A/1184/2021 /SSK നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് പരിധിയിലെ സ്കൂളുകളിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ 40 % തുക അടക്കുവാൻ ആവശ്യപ്പെട്ടതിനാൽ 2,30,000 രൂപ പഞ്ചായത്ത് അടവാക്കിയിട്ടുണ്ട്.

സുൽത്താൻ ബത്തേരി ബ്ലോക്ക് ബി.ആർ.സി.കോർഡിനേറ്ററുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്കാണ് തുക അനുവദിച്ചിട്ടുള്ളത്,(കാനറാബാങ്ക്-0834101039768). പതിനാലാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ,സ.ഉ.(കൈ)84/22 ത.സ്വ.ഭ.വ.19.04.22 പ്രകാരം "സമഗ്ര ശിക്ഷ കേരളം പദ്ധതിയുടെ കർമ്മപദ്ധതി തയ്യാറാക്കുന്നത് തദ്ദേശസ്വയം ഭരണസ്ഥാപനത്തിന്റെ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം വിശദാംശങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനത്തിന് നൽകേണ്ടതാണ്. തദ്ദേശഭരണസ്ഥാപനങ്ങൾ എസ്.എസ്.കെ.ക്ക് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ /പരിപാടികൾ എന്താണ് എന്ന വിവരങ്ങൾ അതാത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ പ്രോജക്ട് ഓഫീസർ അറിയിക്കണം.

എസ്.എസ്.കെ.വിഹിതവും തദ്ദേശസ്ഥാപനവിഹിതവും ചേർത്ത് നടപ്പാക്കുന്ന പദ്ധതികളിൽ തദ്ദേശഭരണ ഭാരവാഹികളുടെ ഇടപെടൽ ഉറപ്പാക്കണം"

സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല.SSK പഞ്ചായത്തിന് നൽകിയ ലിസ്റ്റ്പ്രകാരമുള്ള പ്രവർത്തനങ്ങൾ പഞ്ചായത്ത് പരിധിയിലെ ഏതൊക്കെ സ്കൂളിലാണ് എന്ന് പഞ്ചായത്തിനെ അറിയിച്ചതായോ തദ്ദേശഭരണ ഭാരവാഹികളുടെ അറിവോടെയാണോ പ്രവർത്തനങ്ങൾ നടപ്പാക്കിയത് എന്നും വ്യക്തമല്ല. ,അധികവിവരങ്ങൾ ഹാജരാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/22-23തീയതി 20.10.23 ക്ക് സെക്രട്ടറി നൽകിയ മറുപടിയിൽ വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്തിട്ടാണ് പദ്ധതി തയ്യാറാക്കിയതെന്നും പി.ഇ.സി യോഗത്തിൽ പദ്ധതി അവലോകനം നടത്തിയതായും അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലെ സ്കൂളുകളിൽ നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്.തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 തെരുവുവിളക്കുകളുടെ മെയിന്റനൻസും വൈദ്യുതിചാർജ്ജ് അടക്കുന്നതും

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ തനതുഫണ്ട് രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന തുകകൾ തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജ് ഇനത്തിൽ അടച്ചിട്ടുണ്ട്.

| ക്രമനമ്പർ | വൗച്ചർ നമ്പർ/തീയതി | തുക |
|---|---|---|
| 1 | 42200030/19.04.22 | 21124 |
| 2 | 42200099/07.05.22 | 21055 |
| 3 | 42200204/18.06.22 | 21055 |
| 4 | 42200278/14.07.22 | 211822 |
| 5 | 42200342/19.08.22 | 22750 |
| 6 | 42200414/15.09.22 | 22832 |
| 7 | 42200501/13.10.22 | 22780 |
| 8 | 42200602/10.11.22 | 22787 |
| 9 | 22200824/20.01.23 | 22742 |
| 10 | 42200667/16.12.22 | 22742 |
| 11 | 42200842/20.02.23 | 22843 |
| 12 | 42200900/10.03.23 | 23248 |
| | ആകെ | 457780 |

പഞ്ചായത്ത് പല തവണ ആവശ്യപ്പെട്ടിട്ടും തെരുവുവിളക്കുകൾ സംബന്ധിച്ച് സംയുക്തപരിശോധന നടത്തിയതായി കാണുന്നില്ല. സംയുക്തപരിശോധന നടത്താത്തതിനാൽ ലൈറ്റുകളുടെ റിപ്പയറിംഗിന് പ്രോജക്ട് വെക്കാൻ സാധിക്കുന്നുമില്ല.

എത്ര വിളക്കുകളുടെ ചാർജ്ജ് ആണ് അടക്കുന്നത് എന്ന് ബില്ലിൽ കാണിച്ചിട്ടില്ല.പഞ്ചായത്ത് ശേഖരിച്ച വിവരങ്ങൾ പ്രകാരം 920 ലൈറ്റുകൾ ആണ് പഞ്ചായത്തിൽ ഉള്ളത്.ഇതിൽ എത്രയെണ്ണം പ്രവർത്തിക്കുന്നുവെന്ന് വ്യക്തമല്ല.ഓഡിറ്റ് എൻക്വയറി നമ്പർ 20 /22-23തീയതി 30.10.23 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് നൽകിയ മറുപടിയിൽ എല്ലാ ലൈറ്റുകളും നിലവിൽ പ്രവർത്തിക്കുന്നില്ലയെന്നും നിലവിൽ വളരെ കുറച്ച ലൈറ്റുകളുടെ ചാർജ്ജ് മാത്രമാണ് അടക്കുന്നത് എന്നും അറിയിച്ചിട്ടുണ്ട്.തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.പ്രവർത്തിക്കുന്ന ലൈറ്റുകൾക്ക് തന്നെയാണ് തുക അടക്കുന്നത് എന്നുറപ്പാക്കേണ്ടതാണ്. വളരെ അടിയന്തിരമായി സംയുക്ത പരിശോധന നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും തെരുവ് വിളക്ക് ചാർജ്ജ് ഇനത്തിൽ അധിക തുക നൽകുന്നത് ഒഴിവാക്കേണ്ടതുമാണ്.

## 1-16 തുടർ സാക്ഷരതാ തുല്യതാ വിദ്യാഭ്യാസം പ്രോജക്ട് ഫയൽ ലഭ്യമാക്കിയില്ല:129883രൂപ തടസ്സപ്പെടുത്തുന്നു.

പ്രൊജക്ടിന്റെ പേര്:തുടർ സാക്ഷരതാ തുല്യതാ വിദ്യാഭ്യാസം.

പ്രജക്ട് നം.41/23

നിർവ്വഹണം:ഹെഡ്മാസ്റ്റർ.

അടങ്കൽ :130000രൂപ.

ചെലവ് :129883രൂപ (ബിൽ നം.2218055201580043836/23.4.2022)

ഓഡിറ്റ് വർഷത്തിൽ മുകളിൽ പറഞ്ഞിരിക്കുന്ന പ്രൊജക്റ്റ് ഹെഡ്മാസ്റ്റർ നടപ്പിലാക്കിയിരിക്കുന്നതായി സുലേഖ സ്റ്റേറ്റ്മെന്റിൽനിന്നും വ്യക്തമാകുന്നു.എന്നാൽ ഹെഡ്മാസ്റ്റർ ഓഡിറ്റിനായി ലഭ്യമാക്കിയ ഫയലുകളിൽ ഈ പ്രൊജക്ടും അനുബന്ധ രേഖകളും ഉൾപ്പെട്ടിരുന്നില്ല. തുടർന്ന് പ്രസ്തുത രേഖകൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി(നം.11/26.10.2023) നൽകിയിരുന്നുവെങ്കിലും അവ ലഭ്യമാക്കുകയുണ്ടായില്ല. തുടർന്ന് രേഖകൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി(നം.21/31.10.2023)യും അതോടൊപ്പം ഓഡിറ്റ് റിക്വിസിഷനും നൽകുകയുണ്ടായെങ്കിലും ഫയലുകൾ ലഭ്യമാക്കുകയുണ്ടായില്ല. ആയതിനാൽ ഈ പ്രൊജക്റ്റ് ഇനത്തിൽ ചെലവഴിച്ച 129883രൂപ തടസ്സപ്പെടുത്തുന്നു.

## 1-17 വ്യക്തിഗത ശുചിമുറിക്ക് ധനസഹായം - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല

മുള്ളങ്കൊല്ലി ഗ്രാമ പഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് ശുചിമുറി നിർമ്മാണത്തിനായി ധനസഹായം നൽകുന്നതിന് വേണ്ടി താഴെപ്പറയുന്ന പ്രോജക്റ്റ് നടപ്പിലാക്കിയിട്ടുണ്ട്.

പ്രോജക്റ്റ് നം. 119/23

പ്രോജക്റ്റിന്റെ പേര് - വ്യക്തിഗത ശുചിമുറി

അടങ്കൽ - കേന്ദ്രാവിഷ്കൃതം - 696000

നിർവ്വഹണ ഉദ്യോഗസ്ഥൻ – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ചെലവ് - 120000

വൗച്ചർ നമ്പർ 22201097 തീയതി 30-03-2023

ഗ്രാമ പഞ്ചായത്തിന്റെ ഒ.ഡി.എഫ് പദവി നിലനിർത്തുന്നതിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തിലെ ശുചിമുറി ഇല്ലാത്തവർക്ക് ശുചിമുറി നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിന് വേണ്ടിയാണ് പ്രോജക്റ്റ് തയ്യാറാക്കിയത്.കേന്ദ്രാവിഷ്കൃത തുക പദ്ധതിക്കായി വകയിരുത്തി 10 ഗുണഭോക്താക്കൾക്ക് 12000 രൂപ വിതം നൽകുകയാണുണ്ടായത്. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന നിഗമനങ്ങളിലെത്തുന്നു.

1.ശുചിത്വമിഷൻ ജില്ലാ കോ-ഓർഡിനേറ്ററുടെ10.02.2022 തീയതിയിലെ 57/SBM/WYD/2021 നമ്പർ കത്തിന്റെ അടിസ്ഥാനത്തിലാണ് പ്രോജക്റ്റ് തയ്യാറാക്കി ഗുണഭോക്താക്കൾക്ക് തുക നൽകിയത്. പ്രസ്തുത കത്തിന് 2022 മാർച്ച് 31 വരെയാണ് പ്രാബല്യമുള്ളത്.

2.നിർവ്വഹണ ഉദ്യോഗസ്ഥൻ 2022 സെപ്തംബർ 19ന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രസ്തുത കരാർ ഉടമ്പടി അനുസരിച്ച് സോക്ക് പിറ്റ് നിർമ്മാണമാണ് ഗുണഭോക്താക്കൾ നടത്തേണ്ടത്. പ്രസ്തുത തീയതിയിൽ തന്നെ സോക്ക് പിറ്റ് നിർമ്മാണം നടത്തിയതായി അസി.എഞ്ചിനീയറുടെ സാക്ഷ്യപത്രം 19.09.2022 തീയതിയിൽ തന്നെ വാങ്ങിയിട്ടുണ്ട്. തുക ലഭിച്ചതായി പ്രസ്തുത ദിവസം തന്നെ റവന്യു സ്റ്റാമ്പ് പതിച്ച രശീതി ഗുണഭോക്താക്കളിൽ നിന്നും വാങ്ങിയിട്ടുണ്ട്.

3.ധനസഹായം നൽകിയ ഗുണഭോക്താക്കളെല്ലാം തന്നെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടവരും തൊട്ട് മുൻവർഷങ്ങളിൽ ഭവന നിർമ്മാണം പൂർത്തിയാക്കി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കെട്ടിട നമ്പർ അനുവദിച്ചവയാണ്. നേരത്തെ കെട്ടിട നിർമ്മാണം പൂർത്തിയാക്കി എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയ വീടുകൾക്ക് ശുചിമുറി നിർമ്മാണ ധനസഹായം നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. തൻവർഷം നിർമ്മാണം നടന്നു കൊണ്ടിരിക്കുന്ന വീടുകൾക്ക് ശുചിമുറി നിർമ്മാണത്തിന് അധിക ധനസഹായം സ്വച്ഛ് ഭാരത് മിഷൻ തുക ഉപയോഗിച്ച് നൽകുന്നതിനാണ് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളത്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 17തീയതി 28/10/2023) മറുപടിയിൽ സമൂഹത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്നവർക്കാണ് ധനസഹായം നൽകിയിട്ടുള്ളതെന്നും ഭരണസമിതിയുടെ തീരുമാനം പ്രകാരമാണ് തുക ചെലവഴിച്ചതെന്നും വ്യക്തമാക്കിയിട്ടുണ്ട്. കരാർ ഉടമ്പടി വെക്കുമ്പോൾ തെറ്റ് പറ്റിയതാണെന്നും ആയത് മാപ്പാക്കിത്തരണമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

മറുപടി പരിഗണിച്ചും ഭാവിയിൽ ഇത്തരം പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ നിലവിൽ ഭവനനിർമ്മാണം നടത്തുന്ന അർഹതയുള്ള ഗുണഭോക്താക്കൾക്ക് മാത്രമേ തുക അനുവദിക്കാൻ പാടുള്ളൂ എന്നും നിർദ്ദേശിക്കുന്നു.

## 1-18 തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സാധനഘടകം വിതരണം നടത്തുന്ന വിതരണക്കാർക്ക് തുക നൽകുമ്പോൾ - 2% ചരക്ക് സേവന നികുതി കിഴിവ് ചെയ്യുന്നില്ല. സാധനങ്ങൾ വാങ്ങുന്നത് സെക്രട്ടറി

**അക്കൗണ്ട് ചെയ്യുന്നില്ല.**

തൊഴിലുറപ്പ് പദ്ധതി - സാധന ഘടകം പ്രവൃത്തികളിൽ റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്കായി 12 റോഡ് കോൺക്രീറ്റ് പ്രോജക്ടുകൾ തയ്യാറാക്കുകയും പ്രസ്തുത പ്രവൃത്തികളിൽ 3 പ്രവൃത്തികളുടെ തുക തൻവർഷം നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്ക് ആവശ്യമായ സാധനഘടകങ്ങൾ താഴെപ്പറയുന്നവയാണ്.

1.ക്വാറി മക്ക്

2.40എം.എം മെറ്റൽ

3.20എം.എം മെറ്റൽ

4.10എം.എം മെറ്റൽ

5.മണൽ

6.സിമന്റ്

7.കോൺക്രീറ്റ് മിക്സർ

8.വൈബ്രേറ്റർ

എല്ലാ പ്രവൃത്തികൾക്കും ആവശ്യമായ സാധന ഘടകങ്ങൾ മുകളിൽ പറഞ്ഞവയാണെന്നിരിക്കെ 12 റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്കും ആവശ്യമായ സാധന ഘടകങ്ങൾ പ്രത്യേകം ടെണ്ടർ ക്ഷണിക്കുകയാണ് ചെയ്തത്.

സാധന സാഗ്രികളുടെ വാങ്ങൽ, സംഭരണം വിനിയോഗം,വിദഗ്ധ/ അവിദഗ്ധ തൊഴിലാളികളുടെ കൂലി എന്നിവ സുതാര്യവും അഴിമതി രഹിതവുമായി നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രസിഡന്റ് അധ്യക്ഷനായി ഒരു പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. എന്നാൽ ഇങ്ങനെ ഒരു കമ്മിറ്റി ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല.മെറ്റീരിയൽ പ്രവൃത്തികൾ എപ്രകാരം നിർവ്വഹിക്കണമെന്ന് നിർദ്ദേശിച്ചു കൊണ്ടുള്ള 31.1.2012 ലെ 93/2012/തസ്വഭവ നമ്പർ ഉത്തരവിൽ നിഷ്കർഷിക്കുന്ന വിധത്തിൽ സാധനങ്ങൾ സമാഹരിക്കാത്തതാണ് ഇതിലേക്ക് നയിച്ചതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ലേബർ ബജറ്റും വാർഷിക കർമ്മപദ്ധതിയും അന്തിമമായി ജില്ലാ തലത്തിൽ അംഗീകരിച്ചു കഴിഞ്ഞാൽ ഓരോ അർദ്ധവർഷത്തിൽ/ മാസത്തിൽ സാധന സാമഗ്രികൾ/വിദഗ്ദ, അർദ്ധവിദഗ്ദ തൊഴിലാളികൾ എന്നിവ ഉപയോഗിച്ച് നിർവ്വഹിക്കേണ്ട പദ്ധതികളുടെ മുൻഗണന, പഞ്ചായത്തിൽ ഇതിനായി നിയോഗിച്ച സബ്കമ്മിറ്റി നിശ്ചയിക്കേണ്ടതാണെന്ന് മേൽ ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ അംഗീകരിച്ച് കഴിഞ്ഞാൽ ഉടനെ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ്, ഇതിനായി നിയോഗിക്കപ്പെട്ട എഞ്ചിനീയറിംഗ് വിംഗ് തയ്യാറാക്കേണ്ടതും, ഓരോ പ്രവൃത്തിക്കും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും അളവ്/എണ്ണം എന്നിവ ഈ എസ്റ്റിമേറ്റ് അടിസ്ഥാനപ്പെടുത്തി കണക്കാക്കേണ്ടതുമാണെന്നും ഉത്തരവിൽ നിഷ്കർഷിക്കുന്നു. ഈ രണ്ട് നടപടികളും പൂർത്തീകരിക്കുമ്പോൾ ഓരോ മാസവും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും വ്യക്തമായ കണക്ക് ലഭിക്കുന്നതാണ്. സാധനങ്ങളുടെ ആവശ്യകത കണക്കാക്കിയതിനു ശേഷം ഇവ ആറു മാസകാലയളവിലേക്ക് വിതരണം ചെയ്യുന്നവരെ തെരെഞ്ഞെടുക്കുന്നതിന്, ആവശ്യമായ പരസ്യം നല്കി ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതും വിതരണക്കാരെ തെരെഞ്ഞെടുക്കേണ്ടതുമാണ്. കൂടുതൽ മത്സരക്ഷമതയുള്ള ടെണ്ടർ ലഭിക്കുന്നതിന് ഇ ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതുമാണ്. ഓരോ മാസവും വിതരണം ചെയ്യേണ്ട സാധനങ്ങളുടെ അളവ്, സ്ഥലം, സ്പെസിഫിക്കേഷൻ, തീയതി തുടങ്ങിയ കാര്യങ്ങൾ സെക്രട്ടറി, ആ മാസം തുടങ്ങുന്നതിനുമുമ്പുള്ള ഒരാഴ്ചയ്ക്കകം തന്നെ തെരെഞ്ഞെടുത്ത സ്ഥാപനങ്ങളെ അറിയിക്കേണ്ടതും, സാധനങ്ങൾ വിതരണം ചെയ്താൽ എഞ്ചിനീയർ അവ ഏറ്റുവാങ്ങി അളവെടുക്കേണ്ടതുമാണ്. സാധന സാഗ്രികളുടെ വാങ്ങൽ, സംഭരണം വിനിയോഗം,വിദഗ്ധ/ അവിദഗ്ധ തൊഴിലാളികളുടെ കൂലി എന്നിവ സുതാര്യവും അഴിമതി രഹിതവുമായി നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രസിഡന്റ് അധ്യക്ഷനായി ഒരു പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. എന്നാൽ ഇങ്ങനെ ഒരു കമ്മിറ്റി ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല.

വളരെ സുതാര്യമായതും പരമാവധി സാമ്പത്തിക മെച്ചം ലഭിക്കുന്നതുമായ മേൽ നടപടിക്രമം സ്വീകരിക്കാതെ, ഓരോ പ്രവൃത്തിക്കും ആവശ്യമായ സാധനങ്ങൾവാങ്ങിയത് ശരിയായ നടപടിയല്ല. അർദ്ധ വർഷത്തിൽ ആവശ്യമായ മൊത്തം സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുമ്പോൾ ക്വാറി ഉടമകൾ/അംഗീകൃത ഏജൻസികൾ ഓരോ ഇനത്തിനും ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യാൻ സാധ്യതയുണ്ടെന്നിരിക്കെ, ഈ സാധ്യത പരിഗണിക്കാത്തത് വിശദീകരിക്കപ്പെടേണ്ടതുണ്ട്.

2.( KSGST Act സെക്ഷൻ 51 ) ജി.എസ്.റ്റി തുകയുടെ 2% കരാറുകാരിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ ഈടാക്കി അടക്കേണ്ടതാണ്. 2021-22 സാമ്പത്തിക വർഷം ഈ തരത്തിലുള്ള നടപടി സ്വീകരിച്ചതായി കാണുന്നില്ല. പദ്ധതിക്കാവശ്യമായ സാധന ഘടകങ്ങൾ വിതരണം ചെയ്ത എല്ലാവരും തന്നെ പൊതുമരാമത്ത് കോൺട്രാക്ടർ മാരാണ്. തൻവർഷം തുക നൽകിയ പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | കോൺട്രാക്ടറുടെ പേര് | GSTIN | കോൺട്രാക്ടർ നൽകിയ ഇൻവോയ്സ് നം./തീയതി | ആകെ കോൺട്രാക്ടർക്ക് നൽകിയ തുക. ടാക്സ് ഉൾപ്പടെ | CGST | SGST |
|---|---|---|---|---|---|---|
| ചാത്തംകോട്ട് റോഡ് കോൺക്രീറ്റ് | ജയകുമാർ.പി.റ്റി | 32AUJPT8499H1ZV | 19/18-11-22 | 126831 | 3019.79 | 3019.79 |
| ചാത്തംകോട്ട് റോഡ് കോൺക്രീറ്റ് | ജയകുമാർ.പി.റ്റി | 32AUJPT8499H1ZV | 20/18-11-22 | 277340.83 | 23223.62 | 23223.62 |
| ഭ്രദാനംകുന്ന് കവടിയാംകുന്നേൽ റോഡ് കോൺക്രീറ്റ് | ബിനോയ് വി.യു | 32AXLPB2575M1ZC | 26/22-12-22 | 124699.76 | 2969.04 | 2969.04 |
| ഭ്രദാനംകുന്ന് കവടിയാംകുന്നേൽ റോഡ് കോൺക്രീറ്റ് | ബിനോയ് വി.യു | 32AXLPB2575M1ZC | 27/22-12-22 | 253760.06 | 21423.87 | 21423.87 |
| ഭ്രദാനംകുന്ന് കവടിയാംകുന്നേൽ റോഡ് കോൺക്രീറ്റ് | ബിനോയ് വി.യു | 32AXLPB2575M1ZC | 28/22-12-22 | 21184.14 | 1615.74 | 1615.74 |
| തെക്കുപുറം കൊച്ചുകുന്നേൽ റോഡ് കോൺക്രീറ്റ് | മുള്ളങ്കൊല്ലി ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 32AAJAM9853B1ZL | 4/20/02/23 | 107073.40 | 2549.37 | 2549.37 |
| തെക്കുപുറം കൊച്ചുകുന്നേൽ റോഡ് കോൺക്രീറ്റ് | മുള്ളങ്കൊല്ലി ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 32AAJAM9853B1ZL | 5/20/02/23 | 168756.59 | 14131.02 | 14131.02 |

മേൽ ഇൻവോയ്സുകൾ 3 കോൺട്രാക്ടർമാർ സാധനങ്ങൾ വിതരണം ചെയ്തതിന്റേതാണ്. ഓരോ കോൺട്രാക്ടർമാരും ഓരേ പ്രവൃത്തിക്ക് ഒന്നിലധികം ഇനവോയ്സുകൾ നൽകിയിട്ടുണ്ട്. ഒരേ തീയതിയിൽ തന്നെയാണ് പ്രസ്തുത ഇൻവോയ്സുകൾ നൽകിയിട്ടുള്ളത് എന്ന് പരിശോധിച്ചാൽ വ്യക്തമാകുന്നു (ഓരോ കോൺട്രാക്ടർമാരും അവർ നൽകിയ ടെണ്ടർ പ്രകാരം പ്രവൃത്തികൾക്ക് സാധനങ്ങൾ വിതരണം ചെയ്തത്). ഇത് നികുതി വെട്ടിപ്പിന് സഹായിക്കുന്ന തരത്തിലുള്ള നടപടിയാണ്. ഇൻവോയ്സുകൾ പ്രത്യേകമാക്കുന്നത് വഴി അവയുടെ ആകെ തുക 250000 രൂപയിൽ താഴെയാക്കുന്നതിനും ആയത് വഴി ടി.ഡി.എസ് കിഴിവ് നടത്തുന്നതിൽ നിന്നും ഒഴിവാകുന്നതിന് സാധനഘടകം വിതരണം ചെയ്തവർക്ക് അവസരം നൽകുന്നു.

മേൽ പറഞ്ഞ സ്ഥിതി വിശേഷം കൂടാതെ, ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ 32AAALM3455F1ZD, ജി.എസ്.റ്റി നമ്പർ ഉണ്ട്. ടി.ഡി.എസ് കിഴിവ് നടത്തുന്നതിനായി 32CHNE00177C1D3 നമ്പർ ജി.എസ്.റ്റി രജിസ്ട്രേഷനും ഉണ്ട്. ജി.എസ്.റ്റി രജിസ്ട്രേഷൻ ഉള്ള ഒരു വ്യാപാരി ജി.എസ്.റ്റി രജിസ്ട്രേഷൻ ഉള്ള മറ്റൊരാൾക്ക് സാധനങ്ങൾ വിൽക്കുമ്പോൾ ഇൻവോയ്സിൽ സാധനം വാങ്ങുന്ന ആളുടെ ജി.എസ്.റ്റി നമ്പർ നിർബന്ധമായും ചേർക്കേണ്ടതാണ്(ബി.ടുബി ട്രാൻസാക്ഷൻ). ഈ സാഹചര്യത്തിലും തൊഴിലുറപ്പ് പദ്ധതിക്കായി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ബില്ലിൽ സെക്രട്ടറിയുടെ ജി.എസ്.റ്റി നമ്പർ രേഖപ്പെടുത്തുന്നില്ല. ഇത് നിയമ വിരുദ്ധമായ കാര്യമാണ്. ആയതിനാൽ തന്നെ ഇത്തരം വാങ്ങലുകളിൽ നികുതി ഒടുക്കാതിരിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നു. ഇത് ഗുരുതരമായ വീഴ്ചയാണ്. തൻവർഷം വിവിധ വാങ്ങലുകൾ നടത്തിയതിൽ തുക കൈപ്പറ്റിയ വിതരണക്കാർ തുക ഒടുക്കിയത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾ മുഖേന പരിശോധന നടത്തി നികുതി ഒടുക്കിയത് ഉറപ്പ് വരുത്തേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26 തീയതി 01/11/2023) മറുപടി നൽകിയിട്ടില്ല.

## 1-19 കോളനികളിൽ കുഴൽ കിണർ നിർമ്മാണം - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

മുള്ളൻകൊല്ലി ഗ്രാമ പഞ്ചായത്തിലെ ഇരിപ്പൂട് വെള്ളപ്പാടി, ആലത്തൂർ പണിയ കോളനി എന്നിവടങ്ങളിൽ കുടിവെള്ള സൗകര്യമൊരുക്കുന്നതിന് വേണ്ടി കുഴൽകിണർ നിർമ്മിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെപ്പറയുന്ന പ്രോജക്റ്റ് നടപ്പിലാക്കിയിട്ടുണ്ട്.

പ്രോജക്റ്റ് നം - 91/23

പ്രോജക്റ്റിന്റെ പേര് - കുഴൽ കിണർ നിർമ്മാണം - ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് തുക അടവാക്കൽ

അടങ്കൽ - ധനകാര്യ കമ്മീഷൻ അവാർഡ് (പ്രത്യേക ഉദ്ദേശ ഗ്രാന്റ്) - 634916

ജില്ലാ പഞ്ചായത്ത് വിഹിതം - 100000

ആകെ – 734916

ചെലവ് - XVFC/2022-23/P/18 തീയതി 26/10/2022 - 209150

പദ്ധതി നിർവ്വഹണത്തിനായി ഗ്രൗണ്ട് വാട്ടർ വകുപ്പ് ജില്ലാ ഓഫീസറുടെ കത്ത് പ്രകാരം പ്രസ്തുത ഓഫീസിന് ജില്ലാ ട്രഷറിയിലുള്ള 33863848603 നമ്പർ അക്കൗണ്ടിൽ 209150 രൂപ നിക്ഷേപിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് തയ്യാറാക്കിയ പദ്ധതി എസ്റ്റിമേറ്റ് തുക താഴെപ്പറയുന്നു.

ഇരിപ്പൂട് വെള്ളപ്പാടി - 98100

ആലത്തൂർ പണിയ കോളനി - 111050

ആകെ - 209150

ഹാജരാക്കിയ ഫയലിൽ പദ്ധതി പൂർത്തീകരണം സംബന്ധിച്ച രേഖകൾ/ പുരോഗതി വിവരങ്ങൾ/ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല. പദ്ധതി പൂർത്തീകരണം സംബന്ധിച്ച മുഴുവൻ രേഖകളും ഹാജരാക്കേണ്ടതാണ്. പദ്ധതി നിർവ്വഹണം സംബന്ധിച്ച് 27/10/2023ന് നടത്തിയ സ്ഥല പരിശോധനയിൽ ആലത്തൂർ പണിയ കോളനിയിൽ കുഴൽ കിണർ നിർമ്മാണം വെള്ളം ലഭ്യമല്ലാത്തതിനാൽ ഉപേക്ഷിച്ചതായി കണ്ടു. ഇരുപ്പൂട് വെള്ളപ്പാടി കോളനിയിൽ നിർമ്മിച്ച കുഴൽ കിണർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. വെള്ളം ലഭ്യമാക്കാനാവശ്യമായ പമ്പ് സെറ്റ് സ്ഥാപിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16 തീയതി 28/10/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. നിർമ്മാണം ഉപേക്ഷിച്ച ആലത്തൂർ പണിയ കോളനി കുഴൽ കിണറിന് ഭൂജല വകുപ്പിൽ നിക്ഷേപിച്ച തുകയിൽ കരാർ പ്രകാരം തിരികെ ലഭിക്കാനുള്ള തുക കണക്കാക്കി അതത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. പ്രസ്തുത കുഴൽ കിണർ നിർമ്മാണത്തിനായി ചെലവഴിച്ച 111050 രൂപ തടസ്സപ്പെടുത്തുന്നു.

## 1-20 ഉപയോഗിക്കാത്ത രസീതുകളുടെയും ക്യാൻസൽ ചെയ്ത രസീതുകളുടെയും പകർപ്പുകൾ ഹാജരാക്കിയില്ല.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 2011 ചട്ടം 83 പ്രകാരം ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളൊഴികെയുള്ള എല്ലാ അവസരങ്ങളിലും ലഭിച്ച രസീത് ബുക്ക് പൂർണ്ണമായി ഉപയോഗിച്ചുതീരുകയും കൗണ്ടർഫോയിൽ പഞ്ചായത്തിൽ തിരിച്ചേൽപ്പിക്കുകയും ചെയ്യാതെ പുതിയ രസീത് ബുക്ക് നൽകാൻ പാടില്ലാത്തതാണ്. കൃഷി ഓഫീസർ കൈപ്പറ്റിയ ചുവടെ പറയുന്ന രസീതുകളിൽ രേഖപ്പെടുത്തലുകളൊന്നും തന്നെയില്ലാത്തതിന്റെയും ക്യാൻസൽ ചെയ്തതായി രേഖപ്പെടുത്തിയ രസീതുകളുടെയും പകർപ്പ് രസീത് ബുക്കിനൊപ്പമില്ല.

| രസീത് ബുക്ക് നമ്പർ | രസീത് നമ്പർ | കൈപ്പറ്റിയ തീയതി | വിവരങ്ങൾ |
|---|---|---|---|
| 17497 | 100 | 28/02/2023 | രസീതിന്റെ പകർപ്പ് സൂക്ഷിച്ചിട്ടില്ല. |
| 17502 | 100 | 28/02/2023 | രസീതിന്റെ പകർപ്പ് സൂക്ഷിച്ചിട്ടില്ല. |
| 17502 | 56 | 28/02/2023 | പ്രസ്തുത രസീത് ക്യാൻസൽ ചെയ്തതാണ്. എന്നാൽ ക്യാൻസൽ ചെയ്തത് സാക്ഷ്യപ്പെടുത്തുകയോ കാരണം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. കവുങ്ങിൻ തൈ വിതരണത്തിന്റെ ഗുണഭോക്തൃവിഹിതമായി ₹260/-യുടെ രസീത്. രസീതിന്റെ പകർപ്പ് സൂക്ഷിച്ചിട്ടില്ല. |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്**(ഓഡിറ്റ് എൻക്വയറി നം. 07/2022-23 തീയതി 26/10/2023)** ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത രസീതുകളെ കുറിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രസീതുകളുടെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-21 ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയിട്ടില്ല

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2012-13 വർഷം മുതലുള്ള ഡെപ്പോസിറ്റുകൾ നിലനിർത്തിയതായിക്കാണുന്നു.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.Contractors EMD

| വർഷം | തുക |
|---|---|
| 2012-13 | 68200 |
| 2013-14 | 84800 |
| 2014-15 | 41150 |
| 2015-16 | 23300 |
| 2016-17 | 10000 |
| 2017-18 | 8550 |
| 2018-19 | 42670 |
| 2019-20 | 111900 |

2.Suppliers EMD

| വർഷം | തുക |
|---|---|
| 2016-17 | 68969 |
| 2017-18 | 64066 |
| 2018-19 | 41600 |
| 2019-20 | 6500 |

3.EMD

| വർഷം | തുക |
|---|---|
| 2017-18 | 12000 |
| 2019-20 | -5250 |

4.Contractors Security Deposit

| വർഷം | തുക |
|---|---|
| 2017-18 | 10100 |

5.Suppliers Security Deposit

| വർഷം | തുക |
|---|---|
| 2018-19 | 45815 |

6.Road Cutting Deposit

| വർഷം | തുക |
|---|---|
| 2019-20 | 9426 |

7.Other Deposits

| വർഷം | തുക |
|---|---|
| 2015-16 | 41250 |
| 2016-17 | 800 |
| 2019-20 | 37969 |

8.Auction Deposit

| വർഷം | തുക |
|---|---|
| 2016-17 | 30000 |
| 2019-20 | 500 |

9.Other Deposit Revenue

| വർഷം | തുക |
|---|---|
| 2015-16 | 4500 |
| 2016-17 | 8500 |
| 2017-18 | 13000 |

കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ മുതൽ കൂട്ടേണ്ടതാണ്.2019-20 ലെ EMD തിരിച്ചുനൽകിയതിനുശേഷമുള്ള നീക്കിയിരിപ്പ് -5250 രൂപയാണ്. മുൻബാക്കിയിൽ കൂടുതൽ റീഫണ്ട് കാണുന്നത് എന്താണെന്ന് വ്യക്തമാക്കേണ്ടതാണ്.ഓഡിറ്റ് എൻക്വയറി നമ്പർ 8/22-23തീയതി 26.10.23 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-22 മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല.

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ മുൻകൂർ രജിസ്റ്റർ/വാർഷിക കണക്ക് എന്നിവ പരിശോധിച്ചതിൽ 12021966 രൂപ മുൻകൂർ നൽകിയത് തിരിച്ചുപിടിക്കാൻ ബാക്കിയുള്ളതായി കാണുന്നു.ഇതിൽ 2021-22 വർഷം നൽകിയ ഫെസ്റ്റിവൽ അഡ്വാൻ സ് ഉൾപ്പെടെ തിരിച്ചുപിടിക്കാൻ ബാക്കിയുണ്ട്.പഞ്ചായത്തിൽ നിന്ന് സ്ഥലംമാറ്റം ലഭിച്ചുപോയവരുടെയും തുക തിരികെ ഈടാക്കാനുള്ളതായി കാണുന്നു.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/22-23തീയതി 26.10.23 ക്ക് സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയതിൽ 84000 രൂപ തിരികെ ഈടാക്കിയതായും ബാക്കി തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കുന്നതായും അറിയിച്ചിട്ടുണ്ട്.മുൻകൂർ തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 ടാക്സ് ഓഡിറ്റ്

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തുന്നതിനുള്ള സർക്കാർ നിർദേശപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023 ലെ ഡി.കെ.എസ്.എ.3683/ എസ്.എസ്. 3/2019 നമ്പർ കത്തിലെ മാർഗനിർദേശത്തിങ്ങളുടെ അടിസ്ഥാനത്തിൽ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ടാക്സ് ഓഡിറ്റുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

## 1-23-1 ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം

### 1. പുതിയ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യുന്നില്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് പ്രകാരം യോഗങ്ങളിൽ ഒന്നും തന്നെ പുതിയ തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയോ, ആയതിലേക്കായി ഭരണ സമിതിക്ക് ശിപാർശ നൽകുകയോ ചെയ്തിട്ടില്ല. പുതിയ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യേണ്ടതും ആയത് ഭരണസമിതിയിൽ അവതരിപ്പിച്ച് നടപ്പിലാക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

### 2. ബജറ്റിൽ നിർദേശിച്ചിട്ടുള്ള തനത് വരുമാനം മുഴുവനായും പിരിച്ചിട്ടില്ല.

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റും വാർഷികക്കണക്ക് പ്രകാരമുള്ള വരവും തമ്മിലുള്ള അന്തരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം(₹) A | വാർഷിക കണക്ക് പ്രകാരമുള്ള വരവ്(₹)B | ബജറ്റും വരവും തമ്മിലുള്ള വ്യത്യാസം(₹) B-A |
|---|---|---|---|
| വസ്തു നികുതി(തൻവർഷം) | 4000000/- | 3010095/- | -989905/- |
| തൊഴിൽ നികുതി(തൻവർഷം) | 1700000/- | 1380773/- | -319227/- |
| Rental Income | 10000/- | 1392/- | -8608/- |

| | | | |
|---|---|---|---|
| Fee & User Charges | 746000/- | 1848148/- | 1102148/- |
| Sale & Hire Charges | 500100/- | 224353/- | -275747/- |
| Receipts From Transferred Institutions | 20000/- | - | -20000/- |
| Income From Investments | 100000/- | 2347/- | -97653/- |
| Interest Earned | 200000/- | 233667/- | 33667/- |
| Other Income | 238000/- | 30205/- | -207795/- |
| **ആകെ** | **7514100/-** | **6730980/-** | **-783120/-** |

ബജറ്റും വരവുമായുള്ള അന്തരം സംബന്ധിച്ചും നികുതി പിരിച്ചെടുക്കുന്നതിനും കുടിശ്ശിക നിവാരണത്തിനുമായി നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് **(ഓഡിറ്റ് എൻക്വയറി നം.02/2022-23 തീയതി 19/10/2023)** ന് ലഭ്യമാക്കിയ മറുപടിയിൽ യഥാർത്ഥ വരവ് തുകയോടൊപ്പം 25% കൂടി ഉൾപ്പെടുത്തിയാണ് ബജറ്റ് തയ്യാറാക്കിയതെന്ന് അറിയിച്ചിട്ടുണ്ട്. ബജറ്റിലെ പ്രതീക്ഷിത വരവ് പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

3**. നികുതി വരുമാനങ്ങളുടെ ഡി.സി.ബി ചർച്ച ചെയ്യുന്നില്ല.**

1) 01.06.2022ലെ സ.ഉ.(കൈ) നം.117/2022/LSGD പ്രകാരം വരവിനങ്ങളുടെ കുടിശ്ശികയും, കുടിശ്ശിക കാലയളവും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്. പ്രസ്തുത രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് **(*ഓഡിറ്റ് എൻക്വയറി നം.02/2022-23 തീയതി 19/10/2023*)** ലഭ്യമാക്കിയ മറുപടിയിൽ സഞ്ചയയിൽ നിന്ന് ലഭ്യമായ കുടിശ്ശിക സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടുണ്ട്.

2) എല്ലാ പ്രാദേശിക സർക്കാർ നികുതിവരുമാനത്തിന്റെയും ഡി.സി.ബി. സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്നു മാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും പ്രാദേശിക സർക്കാർ ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതുമാണ്. നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളും നടത്തേണ്ടതാണെന്നും 01.06.2022ലെ സ.ഉ.(കൈ) നം.117/2022/LSGD പ്രകാരം നിർദ്ദേശം നല്കിയിട്ടുണ്ട്. എന്നാൽ ഭരണ സമിതി യോഗങ്ങളുടെ മിനിറ്റ്സ് പ്രകാരം ഇപ്രകാരമുള്ള അവലോകനം നടന്നിട്ടില്ല. വിവരങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (***ഓഡിറ്റ് എൻക്വയറി നം.02/2022-23 തീയതി 19/10/2023***) ലഭ്യമാക്കിയ മറുപടിയിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23-2 വസ്തു നികുതി പിരിവ്

**1. വസ്തുനികുതി പിരിവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.**

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിലെ സഞ്ചയയിലെ ഡി.സി.ബി സ്റ്റേറ്റ്മെന്റും വാർഷിക കണക്കും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| **ഇനം** | **ഡി.സി.ബി പ്രകാരം(₹)** A | **വാർഷിക കണക്ക് പ്രകാരം(₹)** B | **വ്യത്യാസം(₹)** A-B |
|---|---|---|---|
| കുടിശ്ശിക ഡിമാന്റ് | 95090/- | 88559/- (2021-22 വാർഷിക ധനകാര്യപത്രിക പ്രകാരം) | 6531/- |
| കുടിശ്ശിക കളക്ഷൻ | 5201/- | 5741/- | -540/- |
| തൻവർഷ ഡിമാന്റ് | 3038935/- | 3038935/- | 0/- |

| | | | |
|---|---|---|---|
| തൻവർഷ കളക്ഷൻ | 2746150/- | 3010095/- | -263945/- |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(ഓഡിറ്റ് എൻക്വയറി നം- 22/22-23 തീയതി 31/10/2023)** മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**2. വസ്തുനികുതി മുൻവർഷ കുടിശ്ശിക മുഴുവനായും പിരിച്ചെടുത്തില്ല.**

വാർഷിക ധനകാര്യ പത്രിക പ്രകാരം മുൻവർഷത്തെ കുടിശ്ശിക 88559/-(2021-22 സാമ്പത്തിക വർഷത്തെ AFS പ്രകാരം) യിൽ 5741/- യും ഡി.സി.ബി പ്രകാരം മുൻവർഷ കുടിശ്ശിക 95090/- യിൽ 5201/- യുമാണ് പിരിച്ചെടുത്തതത് . എന്നാൽ 2022-23 ലെ വാർഷിക ധനകാര്യപത്രിക പ്രകാരം 93861/- കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാനുണ്ട്. ആയത് കുടിശ്ശിക ഡിമാന്റിനേക്കാൾ കൂടുതലാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം- 22/22-23 തീയതി 31/10/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വാർഷിക ധനകാര്യപത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടാത്തതിനും അവശേഷിക്കുന്ന തുക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**3. പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾ നടപ്പാക്കിയിട്ടുണ്ട്.**

01.04.2023 ലെ പുതുക്കിയ വസ്തുനികുതി നിരക്കുകൾ നടപ്പാക്കുന്നതിന് ഭരണസമിതിയുടെ 14/07/2023 ലെ 1/1 നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. വിവരശേഖരണത്തിന് ആളെ നിയമിക്കുന്നതിന് പരസ്യം ചെയ്തിരുന്നെങ്കിലും നാല് പേരാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്വെയറിൽ പുതിയ നിരക്കിനുള്ള അപ്ഡേഷൻ വന്നത് 20/09/2023 മുതലാണ്. ആയതിന് ശേഷം പുതിയ നിരക്കിലാണ് വസ്തു നികുതി ഈടാക്കുന്നത്. അതുവരെ 5% വർദ്ധനവ് വരുത്തിയാണ് നികുതി ഈടാക്കിയിട്ടുള്ളത്.

**4. കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം വിഭജിച്ച് നമ്പരുകൾ നൽകി കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ചതുമൂലം പഞ്ചായത്തിന് വരുമാന നഷ്ടം**

കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം വിഭജിച്ച് നമ്പരുകൾ നൽകി കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ചതുമൂലം പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്. പരാമർശം 1-13 കാണുക.

**5. എസ്.ആർ.ഒ നം. 100/2015(സ.ഉ.(അ)നം.36/2015/ത.സ്വ.ഭ.വ തീയതി 24/02/2015 ), സ.ഉ(അ) നം. 53/2020 /ത.സ്വ.ഭ.വ പ്രകാരമുള്ള നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്.**

സ്വകാര്യ ഹോസ്റ്റൽ/ഹോം സ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, ക്യാന്റീൻ, വർക്ക്ഷോപ്പ്, എം.എസ്.എം.ഇ വ്യവസായ യൂണിറ്റുകൾ, ആയൂർവ്വേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ/റിസോർട്ടുകൾ തുടങ്ങിയ കെട്ടിടങ്ങൾക്ക് എസ്.ആർ.ഒ നം. 100/2015(സ.ഉ.(അ)നം.36/2015/ത.സ്വ.ഭ.വ തീയതി 24/02/2015 ) പ്രകാരമുള്ള നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. റസിഡൻഷ്യൽ ഹോം സ്റ്റേയ്ക്ക് സ.ഉ(അ)നം. 53/2020 ത.സ്വ.ഭ.വ തീയതി 08/09/2020 പ്രകാരമുള്ള നിരക്കും നിശ്ചയിച്ചിട്ടില്ല. റസിഡൻഷ്യൽ ഹോം സ്റ്റേ വിഭാഗത്തിൽ സഞ്ചയ സോഫ്റ്റ്വെയറിൽ കെട്ടിടങ്ങൾ ഉൾപ്പെട്ടിട്ടില്ല.

**6. അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനുള്ള നടപടികളിലെ പുരോഗതിയും വീഴ്ചകളും**

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിലെ കെട്ടിട ക്രമവത്കരണ രജിസ്റ്റർ പ്രകാരം സാമ്പത്തിക വർഷം ലഭിച്ച എല്ലാ അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്.

## 1-23-3 സേവന ഉപനികുതി

ഗ്രാമപഞ്ചായത്തിൽ നിലവിൽ സേവന ഉപനികുതി ഈടാക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ തനത് വരുമാനം മെച്ചപ്പെടുത്തുന്നതിലേക്കായി സേവന ഉപനികുതി ഈടാക്കുന്നതിലേക്ക് തീരുമാനമെടുക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23-4 തൊഴിൽ നികുതി

**1. രജിസ്റ്ററിലെ വിവരങ്ങളും വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.**

തൊഴിൽ നികുതി രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയും തമ്മിലുള്ള അന്തരം ചുവടെ ചേർക്കുന്നു.

| ഇനം | വാർഷിക ധനകാര്യപത്രിക പ്രകാരം(₹) | രജിസ്റ്റർ പ്രകാരം(₹) | വ്യത്യാസം (₹) |
|---|---|---|---|
| ജീവനക്കാരുടെ തൊഴിൽനികുതി വരവ് | 937238/- | 975510/- | 38272/- |

| | | | |
|---|---|---|---|
| വാണിജ്യങ്ങളുടെയും സ്ഥാപനങ്ങളുടെയും തൊഴിൽനികുതി വരവ് | 443535/- | 436900/- | -6635/- |

രജിസ്റ്ററിലെ വിവരങ്ങളും വാർഷിക ധനകാര്യപത്രികയിലെ വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(ഓഡിറ്റ് എൻക്വയറി നം. 18/2022-23 തീയതി 30/10/2023)** നൽകിയ മറുപടിയിൽ അപാകത പരിശോധിച്ച് കൃത്യത വരുത്തി സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**2. സ്വയം തൊഴിലിൽ ഏർപ്പെടുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.**

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, എഞ്ചിനിയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, റേഷൻ കട വ്യാപാരികൾ), സ്വകാര്യ സ്കൂൾ / കോളേജുകൾ തുടങ്ങി തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണത്തിന് **(ഓഡിറ്റ് എൻക്വയറി നം. 2 /2022-23 തീയതി 19/10/2023)** ലഭ്യമാക്കിയ മറുപടിയിൽ വിവിധ സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വകാര്യ സ്കൂൾ / കോളേജുകൾ തുടങ്ങി തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് കാലികമാക്കി സൂക്ഷിക്കുന്നുണ്ട് എന്നും സ്വയം തൊഴിലിൽ ഏർപ്പെട്ട അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, എഞ്ചിനിയർമാർ, സൂപ്പർവൈസർമാർ തുടങ്ങിയവരുടെ ഡാറ്റാ ബേസ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23-5 വിനോദ നികുതി

ഗ്രാമപഞ്ചായത്തിലെ അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്ബ്/ സ്റ്റേഡിയം, നീന്തൽക്കുളങ്ങൾ, കേബിൾ ടി.വി നെറ്റ്‌വർക്ക്, പ്രദർശന വിപണന മേളകൾ എന്നിവയിൽ നിന്നും സിപ്പ്ലൈൻ , ഗ്ലാസ് ബ്രിഡ്ജ്, ഹൗസ് ബോട്ട് എന്നിവയിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള സാധ്യത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (*ഓഡിറ്റ് എൻക്വയറി നം. 02/2022-23 തീയതി 19/10/2023*) ലഭ്യമാക്കിയ മറുപടിയിൽ മേൽ പറഞ്ഞ തരത്തിൽ വിനോദ നികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് സർക്കാരിലേക്ക് ശിപാർശ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-23-6 നികുതിയേതര വരവുകൾ

നികുതിയേതര വരവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**1. മുഴുവൻ സ്ഥാപനങ്ങളും ലൈസൻസെടുത്തിട്ടില്ല.**

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള 1634 സ്ഥാപനങ്ങളുണ്ട്. എന്നാൽ ലൈസൻസ് 2022-23 സാമ്പത്തിക വർഷം ലൈസൻസെടുത്തത് 461 സ്ഥാപനങ്ങളാണ്. ലൈസൻസെടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 24/2022-23 തീയതി 01/11/2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. കേരള സംസ്ഥാന സിവിൽ സപ്ലൈസ് കമ്മീഷണറുടെ 21/01/2019 ലെ (സി.എസ് )എ9-764/19 നം. ഉത്തരവ് പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ, 1996-ലെ കേരള പഞ്ചായത്ത്‌രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം.3, പട്ടിക-1, ക്രമ നം. 149, 150 പ്രകാരം റേഷൻ കടകൾക്ക് ലൈസൻസ് അനിവാര്യവുമാണ്. ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ റേഷൻ കടകളുടെയും പ്രസ്തുത റേഷൻ കടകൾ ലൈസൻസ് ഫീസ് അടവാക്കിയതിന്റെയും വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് എൻക്വയറി നം. 19/2022-23 തീയതി 30/10/2022 ) ലഭ്യമാക്കിയ മറുപടിയിൽ റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**2. മറ്റിനങ്ങൾ**

വയനാട് ജില്ല പാരിസ്ഥിതിക സവിശേഷതയനുസരിച്ച് ടൂറിസത്തിന് പ്രാധാന്യമുള്ള പ്രദേശമാണ്. ഇതു കൂടാതെ GO(Ms)No. 24/2021/TSM തീയതി 21/12/2021 പ്രകാരം ഏർപ്പെടുത്തിയിട്ടുള്ള "Destination Challenge" പദ്ധതിയുടെ

ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വരുമാനം ഉണ്ടാക്കാവുന്നതാണ്. ആയതിലേക്കും വിനോദ നികുതി, പേ & പാർക്കിംഗ് ഫീസ് പോലുള്ള വരുമാനസാധ്യതകൾ പരിശോധിക്കുന്നതിലേക്കും ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-24 ഹോംകോയിൽ നിന്നും മുഴുവൻ മരുന്നും ലഭ്യമായില്ല.

2022-23 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ(ഹോമിയോ) നിർവ്വഹണം നടത്തിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| **പ്രോജക്റ്റ് നമ്പർ** | എസ് 0013/23 |
| **പ്രോജക്റ്റിന്റെ പേര്** | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| **ഫണ്ട്** | മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| **അടങ്കൽ** | 300000/- |
| **ചെലവ്** | 300000/- |
| **ബിൽ നമ്പർ** | 01/2022-23 തീയതി 13/01/2023 |
| **നിർവ്വഹണോദ്യോഗസ്ഥൻ** | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങുന്നതിനായി ₹300000/- കേരള സ്റ്റേറ്റ് ഹോമിയോപതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി (ഹോംകോ)യ്ക്ക് കൈമാറിയെങ്കിലും ₹112820/- (ഇൻവോയ്സ് നം. LF-743, തീയതി 29/07/2023) യുടെ മരുന്നു മാത്രമേ ലഭിച്ചിട്ടുള്ളൂ. അവശേഷിക്കുന്ന ₹187180/- യുടെ മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(ഓഡിറ്റ് എൻക്വയറി നം.06/2022-23 തീയതി 20/10/2023)** അവശേഷിക്കുന്ന മരുന്ന് ലഭ്യമാക്കുന്നതിന് ഹോംകോയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഹോംകോയിൽ നിന്ന് മരുന്ന് ലഭ്യമാക്കി അറിയിക്കേണ്ടതാണ്. അതുവരെ ലഭ്യമാകാനുള്ള മരുന്നുകളുടെ തുകയായ ₹187180/- തടസ്സപ്പെടുത്തുന്നു.

## 1-25 പാലിന് സബ്സിഡി- അധിക തുക നൽകി

2022-23 സാമ്പത്തിക വർഷം ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണം നടത്തിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| **പ്രോജക്റ്റ് നമ്പർ** | എസ് 0122/23 |
| **പ്രോജക്റ്റിന്റെ പേര്** | ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി |
| **ഫണ്ട്** | വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം (₹1800000/-), ബ്ലോക്ക് പഞ്ചായത്ത് വിഹിതം (₹754600/-), ജില്ലാ പഞ്ചായത്ത് വിഹിതം (₹1595000/-) |
| **അടങ്കൽ** | ₹4149600/- |
| **ചെലവ്** | ₹4149600/- |
| **BRN നമ്പർ** | 22180552016300961734, തീയതി 27/12/2022(₹1800000/-),<br>22180552016300977283, തീയതി 29/12/2022(₹754600/-),<br>22180552016300982528, തീയതി 30/12/2022(₹1595000/-) |
| **നിർവ്വഹണോദ്യോഗസ്ഥൻ** | ഡയറി ഫാം ഇൻസ്ട്രക്ടർ |

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ (സ.ഉ.(കൈ)നം. 115/2022/LSGD, തീയതി 28.05.2022) ഖണ്ഡിക 6.3 പ്രകാരം ക്ഷീര സഹകരണ സംഘങ്ങളിൽ നൽകുന്ന ഒരു ലിറ്റർ പാലിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും 3 രൂപ സബ്സിഡി കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകാവുന്നതാണ്. പ്രോജക്റ്റ് ഫയൽ പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് അധികം സബ്സിഡി നൽകിയത് ശ്രദ്ധയിൽപ്പെട്ടു. വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | ഗുണഭോക്തൃലിസ്റ്റിലെ നമ്പർ | പാലിന്റെ അളവ്(in Liter) | 3രൂപ നിരക്കിൽ പരമാവധി നൽകാവുന്ന തുക(₹) | നൽകിയ തുക(₹) | അധികം നൽകിയ തുക(₹) |
|---|---|---|---|---|---|---|
| 1 | രവി. ടി.കെ | 1065 | 6488.5 | 19465.5/- | 27848/- | 8382.5/- |

| | | | | | | |
|---|---|---|---|---|---|---|
| 2 | ഷാജി കെ.എൻ | 816 | 4965.5 | 14896.5/- | 17659/- | 2762.5/- |
| 3 | സരീഷ് പി.എസ് | 439 | 3090.1 | 9270.3/- | 13664/- | 4394/- |
| **ആകെ** | | | | | | **15539/-** |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(**ഓഡിറ്റ് എൻക്വയറി നം.09/2022-23 തീയതി 26/10/2023**) നൽകിയ മറുപടിയിൽ ക്ഷീരസംഘത്തിലെ മെമ്പർഷിപ്പിനും വോട്ടവകാശത്തിനുമായി കർഷകർ തങ്ങളുടെ ഭാര്യയുടെ പേരിലേക്ക് കൂടി പാലളവ് മാറ്റുന്നതിനാലാണ് പാലളവ് കുറവായി കാണുന്നതെന്നും പ്രസ്തുത ഗുണഭോക്താക്കളുടെ ഭാര്യ ഗുണഭോക്തൃ പട്ടികയിൽ യഥാക്രമം 1067, 857, 384 എന്നീ നമ്പരുകളിൽ ഉൾപ്പെട്ടിട്ടുണ്ട് എന്നും മാർഗരേഖ പ്രകാരം ടി കർഷകർക്ക് 2.59രൂപ / ലിറ്റർ പ്രകാരവും 40,000/- രൂപയിൽ പരിമിതപ്പെടുത്തിയുമാണ് സബ്സിഡി നൽകിയതെന്നും അറിയിച്ചിട്ടുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ (സ.ഉ.(കൈ)നം. 115/2022/LSGD, തീയതി 28.05.2022) ഖണ്ഡിക 6.3 പ്രകാരം ഒരു കുടുംബത്തിൽ ഒരു കർഷകന് മാത്രമേ ധനസഹായം അനുവദിക്കാവൂ. കൂടാതെ ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒരു കുടുംബമായി കണക്കാക്കണം. ഫയൽ പരിശോധിച്ച് അധിക തുക നൽകിയിട്ടില്ലെന്ന് ഉറപ്പാക്കേണ്ടതാണ്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 കൃഷി ഫാമുകളുടെ അംഗീകാര സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല:1733333 രൂപ തടസ്സത്തിൽ വെക്കുന്നു.

2022-23 വർഷത്തിൽ കൃഷി ഓഫീസർ താഴെ പറയുന്ന പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| പ്രൊജക്ടിന്റെ പേര്. | ചെലവ് |
|---|---|
| പച്ചക്കറി വിത്ത് വിതരണം.<br>(പ്രൊജക്ട് നം.126/23)<br>അടങ്കൽ 4,00,000(പ്ലാൻ ജനറൽ) | 400000രൂപ.(ബിൽ നം.2180552014301262118/28.2.2023) |
| കർഷകർക്ക് കമുകിൻ തൈ വിതരണം.<br>(പ്രൊജക്ട് നം.127/23)<br>അടങ്കൽ 1333333<br>പ്ലാൻ: 10ലക്ഷം<br>BC : 333333 | 1333333രൂപ<br>ബിൽ വിവരങ്ങൾ.<br>1)22180552014301325728/10.3.2023 :334125 രൂപ<br>2)22180552014301325754 /28.2.2023 :334125രൂപ<br>3)22180552014301388601/17.3.2023 :331750രൂപ<br>4)ചെക്ക് നം023481/ 31.3.2023 :333333രൂപ |

ഈ പ്രൊജക്ടുകളുടെ പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടു.

1)പച്ചക്കറി വിത്ത് വിതരണം.

പച്ചക്കറി വിത്ത് വിതരണത്തിനായി ടെൻഡർ നല്കിയിരുന്നത് ഹരിതശ്രീ ഓർഗാനിക്ക് നഴ്സറി,വലിയതോവാള,ഇടുക്കി എന്ന നഴ്സറിയുമായാണ്.(കരാർ ഉടമ്പടി നം.ഇല്ല തി.26.12.2022).എന്നാൽ തൈകൾ ലഭ്യമാക്കിയതും ഇതിന്റെ തുക കൈപ്പറ്റിയിരിക്കുന്നതും ഭ്രമിക ജൈവിക നഴ്സറി അമ്പലവയൽ ആണ്.(ഇതിനായി ഹരിത ശ്രീ നഴ്സറിയും ഭ്രമിക നഴ്സറിയും തമ്മിലുള്ള കരാർ ഉടമ്പടി ഫയലിൽ ലഭ്യമാക്കിയിട്ടുണ്ട്)എന്നാൽ ഭ്രമിക ജൈവിക നഴ്സറി സർക്കാർ അംഗീകാരമുള്ളതാണോയെന്ന് വ്യക്തമാക്കിയിട്ടില്ല.അംഗീകാര സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

2)കർഷകർക്ക് കമുകിൻ തൈ വിതരണം.

കമുകിൻതൈ വിതരണം എന്ന പ്രൊജക്ടിൽ തൈകളുടെ വിതരണത്തിന് ടെൻഡർ നൽകിയിരിക്കുന്നത് ഫാം മേറ്റ് പുൽപ്പള്ളി എന്ന സ്ഥാപനത്തിനാണ്. എന്നാൽ ടെൻഡറിനോടൊപ്പം ലഭ്യമാക്കിയിരിക്കുന്ന അംഗീകാര സാക്ഷ്യപത്രം സ്വാക്ക് എന്ന നഴ്സറിയുടേതാണ്.ഫാം മേറ്റിന്റെ അംഗീകാര സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

ഇക്കാര്യങ്ങൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം നം.25/1.11.2023)മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാരണത്താൽ 1733333 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-27 മാലിന്യശേഖരണവും നിർമ്മാർജ്ജനവും- ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ

അജൈവമാലിന്യശേഖരണത്തിലും മാലിന്യനിർമ്മാർജ്ജനത്തിലും ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേന സജീവമായി പ്രവർത്തിക്കുന്നു..15.07.17 ലെ 2420/2017/ത.സ്വ.ഭ.വ ഉത്തരവ് ,പഞ്ചായത്ത് ഭരണസമിതിയുടെ 05.12.17 ലെ 2/217 നമ്പർ തീരുമാനം എന്നിവ അനുസരിച്ച് 05.12.17 നാണ് രൂപീകരിച്ചത്. ആരംഭത്തിൽ 36 അംഗങ്ങളെ ഉൾപ്പെടുത്തിയാണ് രൂപീകരിച്ചത്.എന്നാൽ ഹരിതകർമ്മസേന പ്രവർത്തനം തുടങ്ങിയത് 22.03.21 നാണ്.നിലവിൽ ഹരിതകർമ്മസേനയിൽ 33 അംഗങ്ങളാണുള്ളത്.ഇവരിൽ നിന്ന് 7 അംഗങ്ങളെ എക്സിക്യൂട്ടീവ് ആയി തെരഞ്ഞെടുത്തിട്ടുണ്ട്. എന്നാൽ എക്യിക്യൂട്ടീവ് യോഗം ചേർന്നതായോ മിനുട്സ് സൂക്ഷിച്ചതായോ കാണുന്നില്ല.

ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളുടെ തീരുമാനങ്ങൾ കൈക്കൊള്ളുന്നതും പ്രവർത്തനങ്ങളെ നയിക്കുന്നതും കൺസോർഷ്യത്തിലെ എല്ലാ അംഗങ്ങളും ഉൾപ്പെടുന്ന റിവ്യൂ മീറ്റിംഗുകളിൽ ആണ്. എക്സിക്യൂട്ടീവിന് ഇതിൽ യാതൊരു പങ്കും നൽകിയതായി കാണുന്നില്ല.

മാലിന്യങ്ങൾ ശേഖരിക്കലും തരം തിരിക്കലും കൈമാറലും മാത്രമാണ് നിലവിൽ ഹരിതകർമ്മസേന നടത്തുന്ന പ്രവർത്തനങ്ങൾ.

എല്ലാത്തരം അജൈവമാലിന്യങ്ങളും ശേഖരിച്ച് MCF ൽ എത്തിക്കുന്നു.വീടുകൾക്ക് പ്രതിമാസം 50 രൂപയും സ്ഥാപനങ്ങൾക്ക് പ്രതിമാസം 100 രൂപയുമാണ് യൂസർ ഫീ ഈടാക്കുന്നത്. അധികം മാലിന്യങ്ങൾ ശേഖരിക്കേണ്ട സ്ഥാപനങ്ങളിൽനിന്ന് അളവിനനുസരിച്ച് തുക കൂടുതൽ ഈടാക്കുന്നുണ്ട്.

MCF -ൽ എത്തിക്കുന്ന അജൈവമാലിന്യങ്ങൾ തരം തിരിച്ച് വില കിട്ടുന്ന സാധനങ്ങൾ വിൽപ്പന നടത്തുകയും മറ്റ് വസ്തുക്കൾ ക്ലീൻകേരളക്ക് നൽകുകയും ചെയ്യുന്നു.മറ്റ് അജൈവമാലിന്യങ്ങളായ ചെരുപ്പ് ,ബാഗ് ,തുണികൾ ,ഇലക്ട്രിക് വേസ്റ്റുകൾ എന്നിവ കയറ്റി അയക്കുന്നതിന് വലിയ തുക കണ്ടെത്തേണ്ടി വരുന്നത് നിലവിൽ നേരിടുന്ന വലിയൊരു സാമ്പത്തികപ്രതിസന്ധിയാണ്.ഇത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

2022-23വർഷത്തെ കണക്കുകൾ ഇപ്രകാരമാണ്.

കേരളഗ്രാമീണബാങ്ക് അക്കൗണ്ട് നമ്പർ-40116101040379

| | |
|---|---|
| മുൻബാക്കി | 93473 |
| യൂസർ ഫീ | 1416295 |
| വേസ്റ്റ് വിറ്റത് | 9213 |
